# علم الفرائض

# അനന്തരാവകാശ നിയമങ്ങൾ

ഇമാം അബൂ അബ്ദില്ല മുഹമ്മദ്
ബ്നു
അലി അർ-റഹ്ബി رحمه الله യുടെ
പ്രസിദ്ധമായ 'റഹ്ബിയ്യ്'
എന്ന കൃതി അവലംബമാക്കി
രചിച്ചത്

ഒന്നാം പതിപ്പ്

# മുഖവുര

## بسم الله الرحمن الرحيم

إن الحمد لله نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا، ومن سيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدا عبده ورسوله.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسۡلِمُونَ ١٠٢

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمُ ٱلَّذِي خَلَقَكُم مِّن نَّفۡسٖ وَٰحِدَةٖ وَخَلَقَ مِنۡهَا زَوۡجَهَا وَبَثَّ مِنۡهُمَا رِجَالٗا كَثِيرٗا وَنِسَآءٗۚ وَٱتَّقُواْ ٱللَّهَ ٱلَّذِي تَسَآءَلُونَ بِهِۦ وَٱلۡأَرۡحَامَۚ إِنَّ ٱللَّهَ كَانَ عَلَيۡكُمۡ رَقِيبٗا ١

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَقُولُواْ قَوۡلٗا سَدِيدٗا ٧٠ يُصۡلِحۡ لَكُمۡ أَعۡمَٰلَكُمۡ وَيَغۡفِرۡ لَكُمۡ ذُنُوبَكُمۡۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدۡ فَازَ فَوۡزًا عَظِيمًا ٧١

أما بعد :

അനന്തരാവകാശ നിയമങ്ങൾ (علم الفرائض) എന്നത് ഇസ്‌ലാമിൽ വളരെയധികം പ്രധാനപ്പെട്ട ഒരു ഇൽമാണ്. ഒരുപാട് മഹത്വങ്ങളുള്ള ഈ ഇൽമ് പലപ്പോഴും ശ്രദ്ധിക്കപ്പെടാറില്ല. എന്നാൽ ഈ ഇൽമ് പഠിക്കാനും മറ്റുള്ളവരെ പഠിപ്പിക്കാനും പ്രേരിപ്പിച്ച് കൊണ്ട് റസൂൽ ﷺ യിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ ഇത് ആദ്യമായി ഉയർത്തപ്പെടുന്ന ഇൽമാണ്, ഇൽമിന്റെ പാതിയാണ്, തുടങ്ങിയ അഥറുകളും കാണാം.

ഒരു ത്വാലിബുൽ ഇൽമ് തുടക്കത്തിൽ പഠിച്ചിരിക്കേണ്ട ഇൽമിൽ പെട്ടതാണ് ഈ അറിവ് എന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ തൗഫീഖുണ്ടെങ്കിൽ, ഗണിതത്തിലുള്ള പ്രാഥമികമായ അറിവ് വെച്ച് ഏതൊരാൾക്കും ഈ ഇൽമ് പഠിക്കാൻ കഴിയും, إن شاء الله.

ഈ വിഷയകമായി നിരവധി രചനകൾ കാണാൻ കഴിയും, അതിൽ കൂടുതൽ പ്രസിദ്ധമായതാണ് ഇമാം അബൂ അബ്ദില്ല മുഹമ്മദ് ബ്നു അലി അർറഹ്ബി (ഹിജ്റ 497 - 577) رحمه الله രചിച്ചിട്ടുള്ള 176 ബൈത്തുകൾ ഉൾക്കൊള്ളുന്ന റഹ്ബിയ (المنظومة الرحبية) എന്ന പദ്യം. ഈ പദ്യമാണ് ഈ രചനയുടെ മുഖ്യ അവലംബം. ബാബു റദ്ദ് എന്ന അദ്ധ്യായം ബുർഹാനിയ്യ എന്ന മറ്റൊരു പദ്യത്തിൽ നിന്നും ഉള്ളതാണ്.

റഹ്ബിയ്യക്ക് പ്രസിദ്ധ പണ്ഡിതനും സൗദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയുമായിരുന്ന അബ്ദുൽ അസീസ് ഇബ്നു ബാസ് رحمه الله, അതുപോലെ തന്നെ നമ്മുടെ നാട്ടുകാരനും സൗദി അറേബ്യയിലെ മദീന യൂനിവേഴ്സിറ്റിയിൽ സേവനമനുഷ്ഠിച്ച പ്രസിദ്ധ പണ്ഡിതനുമായിരുന്ന ശൈഖ് അബ്ദുസ്സമദ് അൽ കാതിബ് رحمه الله, തുടങ്ങിയ ആധുനികരടക്കം നിരവധി ഉലമാക്കളുടെ ശർഹുകൾ ഉണ്ട്.

അനന്തരാവകാശ നിയമങ്ങൾ ഇസ്ലാമിലെ മറ്റ് ഇൽമുകളിൽ നിന്ന് വ്യത്യസ്തമായി ക്ലിപ്തമാക്കപ്പെട്ടതാണ്. അത് കാരണത്താലും പ്രയാസം കൂടാതെ മനസ്സിലാക്കുന്നതിനായും വരികളുടെ പദാനുപദം അർത്ഥം കൊടുക്കുന്നതിന് പകരം ആശയങ്ങളും ചെറു വിശദീകരണങ്ങളുമാണ് നൽകിയിട്ടുള്ളത്. തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ മറക്കരുത്. അല്ലാഹുവിന്റെ തൗഫീഖ് ഉണ്ടെങ്കിൽ കൂടുതൽ വിശദമായി പിന്നീട് എഴുതാം, إن شاء الله.

وصلى الله على محمد وءاله وأصحابه وسلم.

നിങ്ങളുടെ സഹോദരൻ,

ജാബിർ ബിൻ ഉമർ

കടവത്തൂർ

E-mail: er.jabir@gmail.com

## ഖുർആൻ ആയത്തുകൾ

അനന്തരാവകാശത്തിന്റെ കണക്കുകളുമായി ബന്ധപ്പെട്ട് ഖുർആനിൽ പ്രധാനമായും മൂന്ന് ആയത്തുകളാണുള്ളത്. മൂന്നും സൂറത്തുന്നിസാഇലാണ്. അവ താഴെ കൊടുക്കുന്നു:

### സൂറത്തുന്നിസാഅ്: 11

يُوصِيكُمُ ٱللَّهُ فِىٓ أَوْلَـٰدِكُمْ ۖ لِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ ۚ فَإِن كُنَّ نِسَآءً فَوْقَ ٱثْنَتَيْنِ فَلَهُنَّ ثُلُثَا مَا تَرَكَ ۖ وَإِن كَانَتْ وَٰحِدَةً فَلَهَا ٱلنِّصْفُ ۚ وَلِأَبَوَيْهِ لِكُلِّ وَٰحِدٍ مِّنْهُمَا ٱلسُّدُسُ مِمَّا تَرَكَ إِن كَانَ لَهُۥ وَلَدٌ ۚ فَإِن لَّمْ يَكُن لَّهُۥ وَلَدٌ وَوَرِثَهُۥٓ أَبَوَاهُ فَلِأُمِّهِ ٱلثُّلُثُ ۚ فَإِن كَانَ لَهُۥٓ إِخْوَةٌ فَلِأُمِّهِ ٱلسُّدُسُ ۚ مِنۢ بَعْدِ وَصِيَّةٍ يُوصِى بِهَآ أَوْ دَيْنٍ ۗ ءَابَآؤُكُمْ وَأَبْنَآؤُكُمْ لَا تَدْرُونَ أَيُّهُمْ أَقْرَبُ لَكُمْ نَفْعًا ۚ فَرِيضَةً مِّنَ ٱللَّهِ ۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿١١﴾

**നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദ്ദേശം നൽകുന്നു; ആണിന് രണ്ട് പെണ്ണിന്റേതിന് തുല്യമായ ഓഹരിയാണുള്ളത്. ഇനി രണ്ടിലധികം പെൺമക്കളാണുള്ളതെങ്കിൽ (മരിച്ച ആൾ) വിട്ടേച്ച് പോയ സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗമാണ് അവർക്കുള്ളത്. ഒരു മകൾ മാത്രമാണെങ്കിൽ അവൾക്ക് പകുതിയാണുള്ളത്. മരിച്ച ആൾക്കു സന്താന മുണ്ടെങ്കിൽ അയാളുടെ മാതാപിതാക്കളിൽ ഓരോരുത്തർക്കും അയാൾ വിട്ടേച്ചുപോയ സ്വത്തിന്റെ ആറിലൊന്നു വീതം ഉണ്ടായിരിക്കുന്നതാണ്. ഇനി അയാൾക്ക് സന്താനമില്ലാതിരിക്കുകയും, മാതാപിതാക്കൾ അയാളുടെ അനന്തരാവകാശികളായിരിക്കയുമാണെങ്കിൽ അയാളുടെ മാതാവിന് മൂന്നിലൊരു ഭാഗം ഉണ്ടായിരിക്കും. ഇനി അയാൾക്ക് സഹോദരങ്ങളുണ്ടായിരുന്നാൽ അയാളുടെ മാതാവിന് ആറിലൊന്നുണ്ടായിരിക്കും. മരിച്ച ആൾ ചെയ്തിട്ടുള്ള വസ്വിയ്യത്തിനും കടമുണ്ടെങ്കിൽ അതിനും ശേഷമാണ് ഇതെല്ലാം. നിങ്ങളുടെ പിതാക്കളിലും നിങ്ങളുടെ മക്കളിലും ഉപകാരം കൊണ്ട് നിങ്ങളോട് ഏറ്റവും അടുത്തവർ ആരാണെന്ന് നിങ്ങൾക്കറിയില്ല. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള (ഓഹരി) നിർണയമാണിത്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.**

## സൂറത്തുന്നിസാഅ്: 12

۞وَلَكُمْ نِصْفُ مَا تَرَكَ أَزْوَٰجُكُمْ إِن لَّمْ يَكُن لَّهُنَّ وَلَدٌۚ فَإِن كَانَ لَهُنَّ وَلَدٌ فَلَكُمُ ٱلرُّبُعُ
مِمَّا تَرَكْنَۚ مِنۢ بَعْدِ وَصِيَّةٍ يُوصِينَ بِهَآ أَوْ دَيْنٍۚ وَلَهُنَّ ٱلرُّبُعُ مِمَّا تَرَكْتُمْ إِن لَّمْ يَكُن لَّكُمْ وَلَدٌۚ فَإِن
كَانَ لَكُمْ وَلَدٌ فَلَهُنَّ ٱلثُّمُنُ مِمَّا تَرَكْتُمۚ مِّنۢ بَعْدِ وَصِيَّةٍ تُوصُونَ بِهَآ أَوْ دَيْنٍۗ وَإِن كَانَ رَجُلٌ يُورَثُ
كَلَٰلَةً أَوِ ٱمْرَأَةٌ وَلَهُۥٓ أَخٌ أَوْ أُخْتٌ فَلِكُلِّ وَٰحِدٍ مِّنْهُمَا ٱلسُّدُسُۚ فَإِن كَانُوٓا۟ أَكْثَرَ مِن ذَٰلِكَ فَهُمْ شُرَكَآءُ
فِى ٱلثُّلُثِۚ مِنۢ بَعْدِ وَصِيَّةٍ يُوصَىٰ بِهَآ أَوْ دَيْنٍ غَيْرَ مُضَآرٍّۚ وَصِيَّةً مِّنَ ٱللَّهِۗ وَٱللَّهُ عَلِيمٌ حَلِيمٌ ﴿١٢﴾

**നിങ്ങളുടെ ഭാര്യമാർക്ക് സന്താനമില്ലാത്ത പക്ഷം അവർ വിട്ടേച്ച് പോയ ധനത്തിന്റെ പകുതി നിങ്ങൾക്കാകുന്നു. ഇനി അവർക്ക് സന്താനമുണ്ടായിരുന്നാൽ അവർ വിട്ടേച്ചുപോയതിന്റെ നാലിലൊന്ന് നിങ്ങൾക്കായിരിക്കും. അവർ ചെയ്യുന്ന വസ്വിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്. നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടേച്ചുപോയ ധനത്തിൽ നിന്ന് നാലിലൊന്നാണ് അവർക്ക് (ഭാര്യമാർക്ക്) ഉള്ളത്. ഇനി നിങ്ങൾക്ക് സന്താനമുണ്ടായിരുന്നാൽ നിങ്ങൾ വിട്ടേച്ച് പോയതിൽ നിന്ന് എട്ടിലൊന്നാണ് അവർക്കുള്ളത്. നിങ്ങൾ ചെയ്യുന്ന വസ്വിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്. അനന്തരമെടുക്കുന്ന പുരുഷനോ സ്ത്രീയോ പിതാവും മക്കളുമില്ലാത്ത ആളായിരിക്കുകയും, അയാൾക്ക് (മാതാവൊത്ത) ഒരു സഹോദരനോ സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ അവരിൽ (ആ സഹോദര സഹോദരിമാരിൽ) ഓരോരുത്തർക്കും ആറിൽ ഒരംശം ലഭിക്കുന്നതാണ്. ഇനി അവർ അതിലധികം പേരുണ്ടെങ്കിൽ അവർ മൂന്നിലൊന്നിൽ സമാവകാശികളായിരിക്കും. ദ്രോഹകരമല്ലാത്ത വസ്വിയ്യത്തോ കടമോ ഉണ്ടെങ്കിൽ അതൊഴിച്ചാണിത്. അല്ലാഹുവിങ്കൽ നിന്നുള്ള നിർദ്ദേശമത്രെ ഇത്. അല്ലാഹു സർവ്വജ്ഞനും സഹനശീലനുമാകുന്നു.**

## സൂറത്തുന്നിസാഅ്: 176

يَسْتَفْتُونَكَ قُلِ ٱللَّهُ يُفْتِيكُمْ فِى ٱلْكَلَٰلَةِ ۚ إِنِ ٱمْرُؤٌا۟ هَلَكَ لَيْسَ لَهُۥ وَلَدٌ وَلَهُۥٓ أُخْتٌ فَلَهَا نِصْفُ مَا
تَرَكَ ۚ وَهُوَ يَرِثُهَآ إِن لَّمْ يَكُن لَّهَا وَلَدٌ ۚ فَإِن كَانَتَا ٱثْنَتَيْنِ فَلَهُمَا ٱلثُّلُثَانِ مِمَّا تَرَكَ ۚ وَإِن كَانُوٓا۟ إِخْوَةً رِّجَالًا
وَنِسَآءً فَلِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ ۗ يُبَيِّنُ ٱللَّهُ لَكُمْ أَن تَضِلُّوا۟ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌۢ ١٧٦

**(നബിയേ,) അവർ നിന്നോട് മതവിധി അന്വേഷിക്കുന്നു, പറയുക: കലാലത്തിന്റെ പ്രശ്നത്തിൽ അല്ലാഹു നിങ്ങൾക്കിതാ മതവിധി പറഞ്ഞു തരുന്നു. അതായത് ഒരാൾ മരിച്ചു; അയാൾക്ക് സന്താനമില്ല; ഒരു സഹോദരിയുണ്ട്. എങ്കിൽ അയാൾ വിട്ടേച്ചു പോയതിന്റെ പകുതി അവൾക്കുള്ളതാണ്. ഇനി (സഹോദരി മരിക്കുകയും) അവൾക്ക് സന്താനമില്ലാതിരിക്കുകയുമാണെങ്കിൽ സഹോദരൻ അവളുടെ (പൂർണ്ണ) അവകാശിയായിരിക്കും. ഇനി രണ്ട് സഹോദരികളാണുള്ളതെങ്കിൽ, അവൻ (സഹോദരൻ) വിട്ടേച്ചുപോയ സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കുള്ളതാണ്. ഇനി സഹോദരൻമാരും സഹോദരിമാരും കൂടിയാണുള്ളതെങ്കിൽ, ആണിന് രണ്ട് പെണ്ണിന്റേതിന് തുല്യമായ ഓഹരിയാണുള്ളത്. നിങ്ങൾ പിഴച്ച് പോകുമെന്ന് കരുതി അല്ലാഹു നിങ്ങൾക്ക് കാര്യങ്ങൾ വിവരിച്ചു തരുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.**

## ഇതിൽ ഉപയോഗിച്ചിരിക്കുന്ന ഏതാനും അറബി സാങ്കേതിക പദങ്ങളും അവയുടെ അർത്ഥവും

മോചിക്കപ്പെട്ട അടിമക്ക് പഴയ ഉടമയുമായുള്ള ബന്ധം.................................وَلَاء

അടിമ മോചനം..........................................................................عِتق

പകുതി.......................................................................................نِصف

നാലിലൊന്ന്..............................................................................رُبُع

എട്ടിലൊന്ന്..............................................................................ثُمُن

മൂന്നിൽ രണ്ട്...........................................................................ثُلُثَانِ

മൂന്നിലൊന്ന്............................................................................ثُلُث

ആറിലൊന്ന്..............................................................................سُدُس

പ്രശ്നം........................................................................................مَسئَلَة

ഭാഗിക്കൽ.................................................................................قِسم

നീട്ടൽ........................................................................................عَول

കണക്ക്......................................................................................حِسَاب

ഓഹരി........................................................................................سِهَام

കാണാതായ വ്യക്തി......................................................................مَفقُود

പ്രസവിക്കാത്ത കുട്ടി....................................................................حَمل

# الرَّحْبِيَّة

## مُقَدِّمَةٌ فِي ذِكْرِ مَا وَرَدَ فِي فَضْلِ هَذَا الْفَنِّ

أَوَّلُ مَا نَسْتَفْتِحُ المَقَالَا ... بِذِكْرِ حَمْدِ رَبِّنَا تَعَالَى
فَالْحَمْدُ لِلَّهِ عَلَى مَا أَنْعَمَا ... حَمْدًا بِهِ يَجْلُو عَنِ الْقَلْبِ الْعَمَى
ثُمَّ الصَّلَاةُ بَعْدُ وَالسَّلَامُ ... عَلَى نَبِيٍّ دِينُهُ الْإِسْلَامُ
مُحَمَّدٍ خَاتَمِ رُسْلِ رَبِّهِ ... وَآلِهِ مِنْ بَعْدِهِ وَصَحْبِهِ
وَنَسْأَلُ اللهَ لَنَا الْإِعَانَهْ ... فِيمَا تَوَخَّيْنَا مِنَ الْإِبَانَهْ
عَنْ مَذْهَبِ الْإِمَامِ زَيدِ الْفَرَضِي ... إِذْ كَانَ ذَاكَ مِنْ أَهَمِّ الْغَرَضِ
عِلْماً بِأَنَّ الْعِلْمَ خَيْرُ مَا سُعِي ... فِيهِ وَأَوْلَى مَا لَهُ الْعَبْدُ دُعِي
وَأَنَّ هَذَا الْعِلْمَ مَخْصُوصٌ بِمَا ... قَدْ شَاعَ فِيهِ عِنْدَ كُلِّ الْعُلَمَا
بِأَنَّهُ أَوَّلُ عِلْمٍ يُفْقَدُ ... فِي الْأَرْضِ حَتَّى لَا يَكَادُ يُوجَدُ
وَأَنَّ زَيْدًا خُصَّ لَا مَحَالَةْ ... بِمَا حَبَاهُ خَاتَمُ الرِّسَالَةْ
مِن قَوْلِهِ فِي فَضْلِهِ مُنَبِّهَا ... أَفْرَضُكُمْ زَيْدٌ وَنَاهِيكَ بِهَا
فَكَانَ أَوْلَى بِاتِّبَاعِ التَّابِعِي ... لَا سِيَّمَا وَقَدْ نَحَاهُ الشَّافِعِي
فَهَاكَ فِيهِ الْقَوْلَ عَنْ إِيجَازِ ... مُبَرَّأً عَنْ وَصْمَةِ الْأَلْغَازِ

- ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങളാണ് إن شاء الله നാം ഇവിടെ പഠിക്കാൻ പോകുന്നത്.
- ആദ്യമായി ഉയർത്തപ്പെടുന്ന علم ഇതാണ്.
- അത് ഇൽമിന്റെ പാതിയാണ്.
- സൈദ് ബ്‌നു സാബിത്ത് رضي الله عنه ആണ് നിങ്ങളിൽ ഏറ്റവും നന്നായി ഈ വിഷയം അറിയുന്ന ആൾ എന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്.

## بَابُ أَسْبَابِ الْمِيرَاثِ

أَسْـبَابُ مِـيرَاثِ الْـوَرَى ثَـلَاثَةْ كُـلٌّ يُـفِيدُ رَبَّـهُ الْـوِرَاثَةْ
وَهْـيَ نِكَـاحٌ وَوَلَاءٌ وَنَسَـبْ مَـا بَـعْدَهُنَّ لِلْمَوَارِيثِ سَـبَبْ

അനന്തരാവകാശം കിട്ടാനുള്ള കാരണങ്ങൾ (أسباب الميراث) മൂന്നെണ്ണമാകുന്നു.

1) ഭാര്യ – ഭർതൃ ബന്ധം – النكاح
2) വലാഅ് – الولاء
   - മോചിപ്പിക്കപ്പെട്ട അടിമയുടെ (عتق ചൊല്ലപ്പെട്ട) സ്വത്ത് അയാൾക്ക് ആരും അവകാശികളായി ഇല്ലെങ്കിൽ അയാളുടെ سيد ന ലഭിക്കും.
3) കുടുംബ ബന്ധം - النسب

- ഈ മൂന്ന ബന്ധത്തിൽ കൂടിയല്ലാതെ ഒരാൾക്കും അനന്തരം (إرث) കിട്ടില്ല.

## بَابُ مَوَانِعِ الْإِرْثِ

وَيَـمْنَعُ الشَّـخْصَ مِنَ الْـمِيرَاثِ وَاحِـدَةٌ مِـنْ عِـلَلٍ ثَـلَاثِ
رِقٌّ وَقَـتْلٌ وَاخْـتِلَافُ دِيـنِ فَـافْهَمْ فَـلَيْسَ الشَّـكُّ كَـالْيَقِينِ

അവകാശികൾക്ക് അനന്തരാവകാശം തടയപ്പെടുന്ന കാര്യങ്ങൾ (موانع الإرث) മൂന്നെണ്ണമാകുന്നു.

1) അടിമത്വം നിലനിൽക്കുക – الرق
2) കൊല – القتل
   - മരണപ്പെട്ട ആളുടെ കൊലയിൽ അവകാശികൾക്ക് ആർക്കെങ്കിലും എന്തെങ്കിലും പങ്കുണ്ടെങ്കിൽ അവർക്ക് അവകാശം കിട്ടില്ല.
3) മതം വ്യത്യാസപ്പെട്ടവർ - اختلاف الدين

## بَابُ الْوَارِثِينَ مِنَ الرِّجَالِ

وَالْوَارِثُونَ مِنَ الرِّجَالِ عَشَرَةْ    أَسْمَاؤُهُمْ مَعْرُوفَةٌ مُشْتَهِرَةْ
الْإِبْنُ وَابْنُ الْابْنِ مَهْمَا نَزَلَا    وَالْأَبُ وَالْجَدُّ لَهُ وَإِنْ عَلَا
وَالْأَخُ مِنْ أَيِّ الْجِهَاتِ كَانَا    قَدْ أَنْزَلَ اللَّهُ بِهِ الْقُرْءَانَا
وَابْنُ الْأَخِ الْمُدْلِي إِلَيْهِ بِالْأَبِ    فَاسْمَعْ مَقَالاً لَيْسَ بِالْمُكَذَّبِ
وَالْعَمُّ وَابْنُ الْعَمِّ مِنْ أَبِيهِ    فَاشْكُرْ لِذِي الْإِيجَازِ وَالتَّنْبِيهِ
وَالزَّوْجُ وَالْمُعْتِقُ ذُو الْوَلَاءِ    فَجُمْلَةُ الذُّكُورِ هَؤُلَاءِ

അവകാശികളായ പുരുഷന്മാർ അടിസ്ഥാന പരമായി 10 പേരാണ്. അത് 15 വരെ ആകും.

- നസബുമായി ബന്ധപ്പെട്ട്:
  - ഫുറൂഇൽ പെട്ടവർ:

1. മരണപ്പെട്ട മയ്യത്തിന്റെ മകൻ - الابن
2. മകന്റെ മകൻ - ابن الابن, അതിന്റെ താഴോട്ടും

  - ഉസൂലിൽ പെട്ടവർ:

3. ഉപ്പ – الأب
4. ഉപ്പാപ്പ (ഉപ്പാന്റെ ഉപ്പ) - الجد, അതിന്റെ മുകളിലോട്ടും

  - ഹവാശിയിൽ പെട്ടവർ:

5. ഉമ്മയും ഉപ്പയും ഒത്ത സഹോദരൻ - الأخ لأبوين / الأخ الشقيق
6. ഉപ്പ ഒത്ത സഹോദരൻ - الأخ لأب
7. ഉമ്മ ഒത്ത സഹോദരൻ - الأخ لأم
8. ഉമ്മയും ഉപ്പയും ഒത്ത സഹോദര പുത്രൻ - ابن الأخ لأبوين
9. ഉപ്പ ഒത്ത സഹോദര പുത്രൻ - ابن الأخ لأب
10. ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത (പൂർണ്ണ) സഹോദരൻ - العم الشقيق
11. ഉപ്പയുടെ ഉപ്പ ഒത്ത സഹോദരൻ - العم لأب
12. ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത സഹോദര പുത്രൻ - ابن العم الشقيق
13. ഉപ്പയുടെ ഉപ്പ ഒത്ത സഹോദര പുത്രൻ - ابن العم لأب

- നിക്കാഹുമായി ബന്ധപ്പെട്ട്:

  14. ഭർത്താവ് - الزوج

- വലാഉമായി ബന്ധപ്പെട്ട്:

  15. വലാഓട്ടു കൂടെ അടിമയെ മോചിപ്പിച്ച ഉടമ - المعتق ذو الولاء

---

- ഫുറൂഅ് എന്നത് കൊണ്ട് മക്കളേയും (താഴത്തുള്ളവർ), ഉസൂൽ എന്നത് കൊണ്ട് മാതാപിതാക്കളേയും (മുകളിലേക്കുള്ളവർ) ഹവാശി എന്നത് കൊണ്ട് പാർശ്വ ഭാഗത്തുള്ളവരേയുമാണ് ഉദ്ദേശിക്കുന്നത്.
- ഉമ്മയും ഉപ്പയും ഒത്തത് എന്നത് കൊണ്ടുള്ള ഉദ്ദേശം ഉമ്മയും ഉപ്പയും ഒന്നായവർ (പൂർണ്ണ സഹോദരൻ / സഹോദരി) എന്നും, ഉപ്പ ഒത്തത് എന്നത് കൊണ്ടുള്ള ഉദ്ദേശം രണ്ട് സഹോദരങ്ങളുടെയും ഉപ്പ ഒന്നാണ് എന്നാൽ ഉമ്മ വ്യത്യസ്തമാണ് എന്നും, ഉമ്മ ഒത്തത് എന്നത് കൊണ്ടുള്ള ഉദ്ദേശം രണ്ട് സഹോദരങ്ങളുടെയും ഉമ്മ ഒന്നാണ് എന്നാൽ ഉപ്പ വ്യത്യസ്തമാണ് എന്നമാണ്.

## بَابُ الْوَارِثَاتِ مِنَ النِّسَاءِ

وَالْـــوَارِثَاتُ مِنَ النِّسَــــاءِ سَـــبْعُ    لَـــمْ يُـــعْطِ أُنْثَى غَـيرَهُنَّ الشَّـرْعُ
بِـــنْتٌ وبِـــنْتُ ابْنٍ وَأُمٌّ مُـــشْـفِقَهْ    وزَوْجَـــــةٌ وجَـــدَّةٌ ومُـــــعْتِقَــــهْ
والْأُخْـتُ مِنْ أَيِّ الْجِـهَاتِ كَـانَتْ    فَـــهَذِهِ عِـــدَّتُـهُنَّ بَـــانَتْ

അവകാശികളായ സ്ത്രീകൾ അടിസ്ഥാന പരമായി 7 പേരാണ്. അത് 10 വരെ ആകും.

- നസബുമായി ബന്ധപ്പെട്ട്:
  - ഫുറൂഇൽ പെട്ടവർ:
    1. മകൾ - البنت
    2. മകന്റെ മകൾ - بنت الابن
  - ഉസൂലിൽ പെട്ടവർ:
    3. ഉമ്മ – الأم
    4. ഉമ്മാമ (ഉമ്മയുടെ ഉമ്മ) - أم الأم
    5. ഉമ്മാമ (ഉപ്പയുടെ ഉമ്മ) - أم الأب
  - ഹവാശിയിൽ പെട്ടവർ:
    6. ഉമ്മയും ഉപ്പയും ഒത്ത സഹോദരി - الأخت لأبوين
    7. ഉപ്പ ഒത്ത സഹോദരി - الأخت لأب
    8. ഉമ്മ ഒത്ത സഹോദരി - الأخت لأم
- നിക്കാഹുമായി ബന്ധപ്പെട്ട്:
    9. ഭാര്യ – الزوجة
- വലാഉമായി ബന്ധപ്പെട്ട്:
    10. വലാഓട്ടുകൂടെ അടിമയെ മോചിപ്പിച്ച ഉടമ സ്ത്രീ - المعتقة

## بَابُ الْفُرُوضِ الْمُقَدَّرَةِ فِي كِتَابِ اللَّهِ تَعَالَى

وَاعْـــلَمْ بِـأَنَّ الْإِرْثَ نَـوْعَانِ هُمَا    فَـرْضٌ وَتَـعْصِيبٌ عَلَى مَا قُسِمَا
فَـــالْفَرْضُ فِي نَصِّ الْـــكِتَابِ سِتَّةْ    لَا فَـرْضَ فِي الْإِرْثِ سِوَاهَا الْـبَتَّةْ
نِـــصْفٌ وَرُبْعٌ ثُمَّ نِـــصْفُ الـرُّبْعِ    والـثُّلْثُ والـسُّدْسُ بِنَصِّ الشَّـرْعِ
وَالـــثُّلُثَــانِ وَهُمَـــا الـــتَّمَـامُ    فَـــاحْفَظْ فَـــكُلُّ حَـافِظٍ إِمَـامُ

അലാഹുവിന്റെ ഖുർആനിൽ അനന്തരാവകാശം 2 വിധം:

- നിർണ്ണിത ഓഹരിയുള്ളവർ - أهل الفروض
- നിർണ്ണിതമല്ലാത്തവർ - العصبة

ഖുർആനിൽ നിർണ്ണിത ഓഹരികൾ 6 ആകുന്നു.

| | | | |
|---|---|---|---|
| 1. | പകുതി (രണ്ടിൽ ഒന്ന്) | $\frac{1}{2}$ | النصف |
| 2. | കാൽ (നാലിൽ ഒന്ന്) | $\frac{1}{4}$ | الربع |
| 3. | എട്ടിലൊന്ന് | $\frac{1}{8}$ | الثمن |
| 4. | മൂന്നിൽ രണ്ട് | $\frac{2}{3}$ | الثلثان |
| 5. | മൂന്നിൽ ഒന്ന് | $\frac{1}{3}$ | الثلث |
| 6. | ആറിൽ ഒന്ന് | $\frac{1}{6}$ | السدس |

ഇതാണ് ഖുർആനിൽ പറഞ്ഞ ഓഹരികൾ, ഇതല്ലാത്ത മറ്റൊരു ഓഹരിയും നിർണ്ണിത ഓഹരിക്കാർക്ക് വരില്ല.

## നിർണ്ണിതമായ ഓഹരി മാത്രം ലഭിക്കുന്നവർ:

ഇവർക്ക് എപ്പോഴും നിർണ്ണിത ഓഹരി ആയിരിക്കും. ഇവർ ഒരു സാഹചര്യത്തിലും അസ്വബക്കാരാവില്ല. ആകെ 7 പേർ:

1. ഭർത്താവ് - الزوج
2. ഭാര്യ – الزوجة
3. ഉമ്മ – الأم
4. ഉമ്മയുടെ ഉമ്മ - أم الأم
5. ഉപ്പയുടെ ഉമ്മ - أم الأب
6. ഉമ്മ ഒത്ത സഹോദരൻ - الأخ لأم
7. ഉമ്മ ഒത്ത സഹോദരി - الأخت لأم

## നിർണ്ണിതമല്ലാത്ത ഓഹരി മാത്രം ലഭിക്കുന്നവർ:

ഇവർ എപ്പോഴും അസ്വബക്കാരായിരിക്കും. ഇവർ ഒരു സാഹചര്യത്തിലും നിർണ്ണിത ഓഹരിക്കാരാവില്ല. ആകെ 12 പേർ:

1. മകൻ - الابن
2. മകന്റെ മകൻ - ابن الابن, അതിന്റെ താഴോട്ടും
3. ഉമ്മയും ഉപ്പയും ഒത്ത സഹോദരൻ - الأخ الشقيق / الأخ لأبوين
4. ഉപ്പ ഒത്ത സഹോദരൻ - الأخ لأب
5. ഉമ്മയും ഉപ്പയും ഒത്ത സഹോദര പുത്രൻ - ابن الأخ لأبوين
6. ഉപ്പ ഒത്ത സഹോദര പുത്രൻ - ابن الأخ لأب
7. ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത (പൂർണ്ണ) സഹോദരൻ - العم الشقيق
8. ഉപ്പയുടെ ഉപ്പ ഒത്ത സഹോദരൻ - العم لأب
9. ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത സഹോദര പുത്രൻ - ابن العم الشقيق
10. ഉപ്പയുടെ ഉപ്പ ഒത്ത സഹോദര പുത്രൻ - ابن العم لأب
11. വലാഓട് കൂടെ അടിമയെ മോചിപ്പിച്ച ഉടമ - المعتق ذو الولاء
12. വലാഓട് കൂടെ അടിമയെ മോചിപ്പിച്ച ഉടമ സ്ത്രീ - المعتقة

## ഒരേ സമയം നിർണ്ണിതമായതും നിർണിതമല്ലാത്തതും ലഭിക്കുന്നവർ:

ഇവർ സന്ദർഭമനുസരിച്ച് ചിലപ്പോൾ നിർണ്ണിത ഓഹരിക്കാരും ചിലപ്പോൾ അസ്വബക്കാരും ചിലപ്പോൾ ഒരു മസ്അലയിൽ തന്നെ നിർണ്ണിത ഓഹരിക്കാരും അസ്വബക്കാരുമാവാം. ഇവർ 2 പേരാണ്:

1. ഉപ്പ – الأب
2. ഉപ്പാപ്പ (ഉപ്പാന്റെ ഉപ്പ) - الجد, അതിന്റെ മുകളിലോട്ടും

## ചില സന്ദർഭങ്ങളിൽ നിർണ്ണിതമായതും ചില സന്ദർഭങ്ങളിൽ അല്ലാത്തതും ലഭിക്കുന്നവർ:

ഇവർ സന്ദർഭമനുസരിച്ച് ചിലപ്പോൾ നിർണ്ണിത ഓഹരിക്കാരും ചിലപ്പോൾ അസ്വബക്കാരും ആവാം. എന്നാൽ ഒരു മസ്അലയിൽ തന്നെ നിർണ്ണിത ഓഹരിക്കാരും അസ്വബക്കാരും ആവില്ല. ഇവർ 4 പേരാണ്:

1. മകൾ - البنت
2. മകന്റെ മകൾ - بنت الابن
3. ഉമ്മയും ഉപ്പയും ഒത്ത സഹോദരി - الأخت لأبوين
4. ഉപ്പ ഒത്ത സഹോദരി - الأخت لأب

## بَابُ النِّصْفِ

فَـالنِّصْفُ فَـرْضُ خَـمْسَةٍ أَفْـرَادِ الــــزَّوْجُ وَالْأُنْثَى مِـــنَ الْأَوْلَادِ
وَبِنْتُ الِابْنِ عِـنْدَ فَـقْدِ الْـبِنْتِ وَالْأُخْـــتُ فِي مَـذْهَبِ كُلِّ مُفْتِي
وَبَـعْدَهَا الْأُخْـتُ الَّتِي مِـنَ الْأَبِ عِــنْدَ انْفِرَادِهِنَّ عَـــنْ مُــعَصِّبِ

പകുതി (النصف) യുടെ അവകാശികൾ 5 പേരാകുന്നു.

1. ഭർത്താവ് – الزوج
   - മയ്യത്തിന് മക്കളില്ലെങ്കിൽ (ഫുറൂഇൽ പെട്ട ആരും ഉണ്ടാവരുത്).
2. മകൾ - البنت
3. മകന്റെ മകൾ - بنت الابن
   - മകനോ / പെൺമക്കളോ ഇല്ലെങ്കിൽ.
4. ഉപ്പയും ഉമ്മയും ഒത്ത സഹോദരി - الأخت لأبوين
   - ഫുറൂഇൽ പെട്ട ആണും പെണ്ണും ഉണ്ടാവരുത്.
   - ഉസൂലിൽ പെട്ട ആണും ഉണ്ടാവരുത്.
5. ഉപ്പയൊത്ത സഹോദരി - الأخت لأب
   - ഫുറൂഇൽ പെട്ട ആണും പെണ്ണും ഉണ്ടാവരുത്.
   - ഉസൂലിൽ പെട്ട ആണും ഉണ്ടാവരുത്.
   - ഉപ്പയും ഉമ്മയും ഒത്ത സഹോദരനോ / ഉപ്പയും ഉമ്മയും ഒത്ത സഹോദരികളോ ഉണ്ടാവരുത്.

- ➢ ഇവർ ഓരോരുത്തരും ഒറ്റക്കായിരിക്കണം (ഒന്നിൽ കൂടുതൽ പാടില്ല).
- ➢ المعصب കൂടെ ഉണ്ടാവാനും പാടില്ല.
- ➢ ഉദാഹരണം: മകളുടെ കൂടെ മറ്റൊരു മകളുണ്ടെങ്കിൽ മകൾക്ക് പകുതി കിട്ടില്ല, രണ്ട് പേർക്കും കൂടി മൂന്നിൽ രണ്ട് കിട്ടും. അതുപോലെ മകളുടെ കൂടെ മറ്റൊരു മകനുണ്ടെങ്കിലും പകുതി കിട്ടില്ല, അപ്പോൾ മകൾ അസ്വബ (നിർണ്ണിതമല്ലാത്ത ഓഹരിക്കാരി) ആകും.

## بَابُ الرُّبُعِ

وَالرُّبْعُ فَرْضُ الزَّوْجِ إِنْ كَانَ مَعَهْ    مِنْ وَلَدِ الزَّوْجَةِ مَنْ قَدْ مَنَعَهْ
وَهْوَ لِكُلِّ زَوْجَةٍ أَوْ أَكْثَرَا    مَعْ عَدَمِ الْأَوْلَادِ فِيمَا قُدِّرَا
وَذِكْرُ أَوْلَادِ الْبَنِينَ يُعْتَمَدْ    حَيْثُ اعْتَمَدْنَا الْقَوْلَ فِي ذِكْرِ الْوَلَدْ

നാലിലൊന്നി (الربع) ന്റെ അവകാശികൾ 2 പേരാകുന്നു.

1. ഭർത്താവ് – الزوج
   - മയ്യത്തിന് മക്കളുണ്ടെങ്കിൽ (ഫുറൂഇൽ പെട്ട ആരെങ്കിലും ഉണ്ടെങ്കിൽ).
2. ഭാര്യ/ഭാര്യമാർ (മയ്യത്തിന് മക്കളില്ലെങ്കിൽ) – الزوجة
   - മയ്യത്തിന് മക്കളില്ലെങ്കിൽ (ഫുറൂഇൽ പെട്ട ആരും ഉണ്ടാവരുത്).

## بابُ الثُّمُنِ

وَالثُّمْنُ لِلزَّوْجَةِ وَالزَّوْجَاتِ    مَعَ الْبَنِينَ أَوْ مَعَ الْبَنَاتِ
أَوْ مَعَ أَوْلَادِ الْبَنِينَ فَاعْلَمِ    وَلَا تَظُنَّ الْجَمْعَ شَرْطاً فَافْهَمِ

എട്ടിലൊന്നി (الثمن) ന്റെ അവകാശി ഒരാൾ മാത്രം...

1. ഭാര്യ/ഭാര്യമാർ (മയ്യത്തിന് മക്കളുണ്ടെങ്കിൽ) - الزوجة
   - മയ്യത്തിന് മക്കളുണ്ടെങ്കിൽ (ഫുറൂഇൽ പെട്ട ആരെങ്കിലും ഉണ്ടെങ്കിൽ).

➢ ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടെങ്കിൽ അവർ ഓരോരുത്തരും ആകെയുള്ള എട്ടിൽ ഒന്നിൽ തുല്യ അവകാശികൾ ആയിരിക്കും.

## بَابُ الثُّلُثَيْنِ

وَالثُّلُثَانِ لِلْبَنَاتِ جَمْعَا    مَا زَادَ عَنْ وَاحِدَةٍ فَسَمْعَا
وَهْوَ كَذَاكَ لِبَنَاتِ الابْنِ    فَافْهَمْ مَقَالِي فَهْمَ صَافِي الذِّهْنِ
وَهْوَ لِلْأُخْتَيْنِ فَمَا يَزِيدُ    قَضَى بِهِ الْأَحْرَارُ وَالْعَبِيدُ
هَذَا إِذَا كُنَّ لِأُمٍّ وَأَبِ    أَوْ لِأَبٍ فَاعْمَلْ بِهَذَا تُصِبِ

മൂന്നിൽ രണ്ടി (الثلثان) ന്റെ അവകാശികൾ 4 പേരാകുന്നു.

1. പെൺമക്കൾ - البنات
   - മകനോ പെൺമക്കളോ ഇല്ലെങ്കിൽ
2. മകന്റെ പെൺമക്കൾ - بنات الابن
   - മകനോ / പെൺമക്കളോ ഇല്ലെങ്കിൽ.
3. ഉമ്മയും ഉപ്പയും ഒത്ത സഹോദരികൾ - الأخوات لأبوين
   - ഫുറൂഇൽ പെട്ട ആണും പെണ്ണും ഉണ്ടാവരുത്.
   - ഉസൂലിൽ പെട്ട ആണും ഉണ്ടാവരുത്.
4. ഉപ്പയൊത്ത സഹോദരികൾ - الأخوات لأب
   - ഫുറൂഇൽ പെട്ട ആണും പെണ്ണും ഉണ്ടാവരുത്.
   - ഉസൂലിൽ പെട്ട ആണും ഉണ്ടാവരുത്.
   - ഉപ്പയും ഉമ്മയും ഒത്ത സഹോദരനോ / ഉപ്പയും ഉമ്മയും ഒത്ത സഹോദരികളോ ഉണ്ടാവരുത്.

- ➢ നിസ്ഫിൽ പെട്ട ഭർത്താവ് ഒഴികെയുള്ള എല്ലാവരും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ ഇവിടെ ഒറ്റക്കാവാൻ പാടില്ല, മറിച്ച് ഒന്നിൽ കൂടുതൽ (രണ്ടോ അതിലധികമോ) ഉണ്ടായിരിക്കണം.
- ➢ അതുപോലെ ഇവിടെയും المعصب കൂടെ ഉണ്ടാവാൻ പാടില്ല.

## بَابُ الثُّلُثِ

وَالثُّلْثُ فَرْضُ الْأُمِّ حَيْثُ لَا وَلَدْ  وَلَا مِنَ الْإِخْوَةِ جَمْعٌ ذُو عَدَدْ
كَاثْنَيْنِ أَوْ ثِنْتَيْنِ أَوْ ثَلَاثِ  حُكْمُ الذُّكُورِ فِيهِ كَالْإِنَاثِ
وَلَا ابْنُ ابْنٍ مَعَهَا أَوْ بِنْتُهُ  فَفَرْضُهَا الثُّلْثُ كَمَا بَيَّنْتُهُ
وَإِنْ يَكُنْ زَوْجٌ وَأُمٌّ وَأَبُ  فَثُلُثُ الْبَاقِي لَهَا مُرَتَّبُ
وَهَكَذَا مَعْ زَوْجَةٍ فَصَاعِدَا  فَلَا تَكُنْ عَنِ الْعُلُومِ قَاعِدَا
وَهْوَ لِلِاثْنَيْنِ أَوْ ثِنْتَيْنِ  مِنْ وَلَدِ الْأُمِّ بِغَيْرِ مَيْنِ
وَهَكَذَا إِنْ كَثُرُوا أَوْ زَادُوا  فَمَا لَهُمْ فِيمَا سِوَاهُ زَادُ
وَيَسْتَوِي الْإِنَاثُ وَالذُّكُورُ  فِيهِ كَمَا قَدْ أَوْضَحَ الْمَسْطُورُ

മൂന്നിൽ ഒന്ന് (الثلث) ന്റെ അവകാശികൾ 3 പേരാകുന്നു.

1. ഉമ്മ – الأم
   - മരണപ്പെട്ടയാൾക്ക് മക്കളോ, മക്കളുടെ മക്കളോ ഒന്നിൽ കൂടുതൽ സഹോദരീ സഹോദരങ്ങളോ പാടില്ല.
   - غَرَّاوَانِ അല്ലാത്ത مسألة ആയിരിക്കണം (അവകാശികളായി ഉമ്മ, ഉപ്പ, ഭാര്യ/ഭർത്താവ് വരുന്ന അവസ്ഥ - വിശദീകരണം താഴെ നൽകിയിരിക്കുന്നു).
2. ഉമ്മയൊത്ത സഹോദരൻമാർ – الإخوة لأم
3. ഉമ്മയൊത്ത സഹോദരിമാർ – الأخوات لأم
   - ഇവർക്കുള്ള (ഉമ്മയൊത്ത സഹോദര / സഹോദരിമാർ) ഓഹരി വിഹിതത്തിൽ ആൺ, പെൺ വ്യത്യാസമില്ല (രണ്ട് പേർക്കും തുല്ല്യം).
   - ഫുറൂഇൽ പെട്ട ആണും പെണ്ണും ഉണ്ടാവരുത്.
   - ഉസൂലിൽ പെട്ട ആണും ഉണ്ടാവരുത്.
   - ഒന്നിൽ കൂടുതൽ ഉണ്ടാവണം.

- ഇവിടെ ബാക്കി വരുന്നതിന്റെ മൂന്നിൽ ഒന്ന് (ثلث الباقي) വരുന്ന രണ്ട് مسئلة കൾ പ്രത്യേകം എടുത്ത് പറയേണ്ടതാകുന്നു:

I. മരണപ്പെട്ട വ്യക്തിക്ക് ഉമ്മ, ഉപ്പ, ഭർത്താവ് എന്നിവരാണുള്ളതെങ്കിൽ ഭർത്താവിനു പകുതിയും $\left(\frac{3}{6}\right)$, ഉമ്മാക്ക് മൂന്നിൽ ഒന്നും $\left(\frac{2}{6}\right)$, ബാക്കിയുള്ള ആറിലൊന്ന് $\left(\frac{1}{6}\right)$ വാപ്പാക്കും ലഭിക്കുന്നു (ചിത്രം – 1 കാണുക). ഇവിടെ ഉമ്മാക്ക് ഉപ്പയേക്കാൾ കൂടുതൽ ഓഹരി കിട്ടുന്നു. അതിനാൽ ഉമ്മാക്കുള്ള ثلث ആകെ ഓഹരിയിൽ നിന്ന് കൊടുക്കുന്നതിന്ന് പകരം ഭർത്താവിനു പകുതി കൊടുത്ത് ബാക്കിയുള്ള ഓഹരിയിൽ നിന്നും (ثلث الباقي) കൊടുക്കുന്നു. അപ്പോൾ ഉമ്മാക്ക് ശേഷിച്ച പകുതി $\left(\frac{3}{6}\right)$ യുടെ മൂന്നിലൊന്നായ ആറിലൊന്നും $\left(\frac{1}{6}\right)$, ഉപ്പാക്ക് ബാക്കി മൂന്നിൽ ഒന്നും $\left(\frac{2}{6}\right)$ ലഭിക്കുന്നു (ചിത്രം – 2 കാണുക).

| | | 6 |
|---|---|---|
| ഭർത്താവ് | പകുതി | 3 |
| ഉമ്മ | മൂന്നിൽ ഒന്ന് | 2 |
| ഉപ്പ | ബാക്കി | 1 |

ചിത്രം – 1

| | | 6 |
|---|---|---|
| ഭർത്താവ് | പകുതി | 3 |
| ഉമ്മ | ബാക്കിയുടെ മൂന്നിൽ ഒന്ന് | 1 |
| ഉപ്പ | ബാക്കി | 2 |

ചിത്രം – 2

II. അടുത്തതായി മരണപ്പെട്ട വ്യക്തിക്ക് ഉമ്മ, ഉപ്പ, ഭാര്യ എന്നിവരാണുള്ളതെങ്കിൽ ഭാര്യക്ക് നാലിലൊന്നും $\left(\frac{3}{12}\right)$, ഉമ്മാക്ക് മൂന്നിൽ ഒന്നും $\left(\frac{4}{12}\right)$, ബാക്കിയുള്ളത് $\left(\frac{5}{12}\right)$ വാപ്പാക്കും ലഭിക്കുന്നു (ചിത്രം – 3 കാണുക). ഇവിടെയും ഉമ്മാക്കുള്ള ثلث ആകെ ഓഹരിയിൽ നിന്ന് കൊടുക്കുന്നതിന്ന് പകരം ഭാര്യക്ക് നാലിൽ ഒന്ന് കൊടുത്ത് ബാക്കിയുള്ള ഓഹരിയിൽ നിന്നും (ثلث الباقي) കൊടുക്കുന്നു. അപ്പോൾ ഉമ്മാക്ക് മുക്കാലി $\left(\frac{3}{4}\right)$ ന്റെ മൂന്നിലൊന്നായ നാലിലൊന്നും $\left(\frac{1}{4}\right)$, ഉപ്പാക്ക് ബാക്കി പകുതി $\left(\frac{2}{4}\right)$ യും ലഭിക്കുന്നു (ചിത്രം – 4 കാണുക).

| | | 12 |
|---|---|---|
| ഭാര്യ | നാലിൽ ഒന്ന് | 3 |
| ഉമ്മ | മൂന്നിൽ ഒന്ന് | 4 |
| ഉപ്പ | ബാക്കി | 5 |

ചിത്രം – 3

| | | 4 |
|---|---|---|
| ഭാര്യ | നാലിൽ ഒന്ന് | 1 |
| ഉമ്മ | ബാക്കിയുടെ മൂന്നിൽ ഒന്ന് | 1 |
| ഉപ്പ | ബാക്കി | 2 |

ചിത്രം – 4

- ...“മാതാപിതാക്കൾ അയാളുടെ അനന്തരാവകാശികളായിരിക്കയുമാണെങ്കിൽ അയാളുടെ മാതാവിന് മൂന്നിലൊരു ഭാഗം ഉണ്ടായിരിക്കും.”..... (നിസാഅ്: 11). സൂറത്തുന്നിസാഇലെ 11 ആമത്തെ ആയത്തിലെ ഈ വാക്കുകൾ ഈ മസ്അലയിലേക്കുള്ള സൂചന നൽകുന്നു.
- ഈ രണ്ട് രൂപത്തിൽ മാത്രമേ ഈ مسئلة കൾ വരികയുള്ളൂ.
- عمر بن الخطاب رضي الله عنه വിന്റെ കാലത്താണ് ഇത് നടപ്പിലാക്കിയത്. ഇത് الغراوان എന്നും العمريتان എന്നുമൊക്കെ അറിയപ്പെടുന്നു.

## بَابُ السُّدُسِ

وَالسُّدْسُ فَرْضُ سَبْعَةٍ مِنَ الْعَدَدْ ... أَبٍ وَأُمٍّ ثُمَّ بِنْتِ ابْنٍ وَجَدّْ
وَالْأُخْتِ بِنْتِ الْأَبِ ثُمَّ الْجَدَّهْ ... وَوَلَدُ الْأُمِّ تَمَامُ الْعِدَّهْ
فَالْأَبُ يَسْتَحِقُّهُ مَعَ الْوَلَدْ ... وَهَكَذَا الْأُمُّ بِتَنْزِيلِ الصَّمَدْ
وَهَكَذَا مَعْ وَلَدِ الِابْنِ الَّذِي ... مَا زَالَ يَقْفُو إِثْرَهُ وَيَحْتَذِي
وَهْوَ لَهَا أَيْضًا مَعَ الْإِثْنَيْنِ ... مِنْ إِخْوَةِ الْمَيْتِ فَقِسْ هَذَيْنِ
وَالْجَدُّ مِثْلُ الْأَبِ عِنْدَ فَقْدِهِ ... فِي حَوْزِ مَا يُصِيبُهُ وَمُدِّهِ
إِلَّا إِذَا كَانَ هُنَاكَ إِخْوَهْ ... لِكَوْنِهِمْ فِي الْقُرْبِ وَهْوَ أُسْوَهْ
أَوْ أَبَوَانِ مَعْهُمَا زَوْجٌ وَرِثْ ... فَالْأُمُّ لِلثُّلْثِ مَعَ الْجَدِّ تَرِثْ
وَهَكَذَا لَيْسَ شَبِيهًا بِالْأَبِ ... فِي زَوْجَةِ الْمَيْتِ وَأُمٍّ وَأَبِ
وَحُكْمُهُ وَحُكْمُهُمْ سَيَاتِي ... مُكَمَّلَ الْبَيَانِ فِي الْحَالَاتِ
وَبِنْتُ الِابْنِ تَأْخُذُ السُّدْسَ إِذَا ... كَانَتْ مَعَ الْبِنْتِ مِثَالاً يُحْتَذَى
وَهَكَذَا الْأُخْتُ مَعَ الْأُخْتِ الَّتِي ... بِالْأَبَوَيْنِ يَا أُخَيَّ أَدْلَتِ
وَالسُّدْسُ فَرْضُ جَدَّةٍ فِي النَّسَبِ ... وَاحِدَةً كَانَتْ لِأُمٍّ وَأَبِ
وَوَلَدُ الْأُمِّ يَنَالُ السُّدْسَا ... وَالشَّرْطُ فِي إِفْرَادِهِ لَا يُنْسَى
وَإِنْ تَسَاوَى نَسَبُ الْجَدَّاتِ ... وَكُنَّ كُلُّهُنَّ وَارِثَاتِ
فَالسُّدْسُ بَيْنَهُنَّ بِالسَّوِيَّهْ ... فِي الْقِسْمَةِ الْعَادِلَةِ الشَّرْعِيَّهْ
وَإِنْ تَكُنْ قُرْبَى لِأُمٍّ حَجَبَتْ ... أُمَّ أَبٍ بُعْدَى وَسُدْسًا سَلَبَتْ
وَإِنْ تَكُنْ بِالْعَكْسِ فَالْقَوْلَانِ ... فِي كُتْبِ أَهْلِ الْعِلْمِ مَنْصُوصَانِ
لَا تَسْقُطُ الْبُعْدَى عَلَى الصَّحِيحِ ... وَاتَّفَقَ الْجُلُّ عَلَى التَّصْحِيحِ
وَكُلُّ مَنْ أَدْلَتْ بِغَيْرِ وَارِثِ ... فَمَا لَهَا حَظٌّ مِنَ الْمَوَارِثِ

وَتَسْـقُطُ الْـبُعْدَى بِذَاتِ الْـقُرْبِ    فِي الْمَذْهَبِ الْأَوْلَى فَقُلْ لِي حَسْبِي
وَقَـدْ تَـنَاهَتْ قِسْمَةُ الْفُرُوضِ    مِنْ غَيْرِ إِشْكَالٍ وَلَا غُمُوضِ

ആറിൽ ഒന്നി (السدس) ന്റെ അവകാശികൾ 7 പേരാകുന്നു. അത് 9 വരെ ആകും.

1. ഉപ്പ – الأب
   - മയ്യത്തിന് മക്കൾ / മകന്റെ മക്കൾ ഉണ്ടാവണം.
2. ഉപ്പാപ്പ (ഉപ്പയുടെ ഉപ്പ) - الجد
   - മയ്യത്തിന് ഉപ്പ ഇല്ലാതിരിക്കണം
   - മകൻ / മകന്റെ മക്കൾ ഉണ്ടാവണം
3. ഉമ്മ – الأم
   - മയ്യത്തിന് മക്കൾ / മകന്റെ മക്കൾ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ സഹോദരികൾ / സഹോദരന്മാർ ഉണ്ടാവണം.
4. ഉമ്മയുടെ ഉമ്മ - أم الأم
   - ഉമ്മ ഇല്ലാതിരിക്കണം
5. ഉപ്പയുടെ ഉമ്മ - أم الأب
   - ഉമ്മ ഇല്ലാതിരിക്കണം
   - ഉപ്പ ഇല്ലാതിരിക്കണം
6. ഉമ്മ ഒത്ത സഹോദരൻ (ഒന്ന് മാത്രം) – الأخ لأم
   - മകൻ / മകന്റെ ആൺ മക്കൾ ഇല്ലാതിരിക്കണം
   - ഉപ്പ / ഉപ്പയുടെ ഉപ്പ ഇല്ലാതിരിക്കണം
   - ഒന്നിൽ കൂടുതൽ പാടില്ല
7. ഉമ്മ ഒത്ത സഹോദരി (ഒന്ന് മാത്രം) - الأخت لأم
   - മകൻ / മകന്റെ ആൺ മക്കൾ ഇല്ലാതിരിക്കണം
   - ഉപ്പ / ഉപ്പയുടെ ഉപ്പ ഇല്ലാതിരിക്കണം
   - ഒന്നിൽ കൂടുതൽ പാടില്ല

8. മകന്റെ മകൾ (മയ്യത്തിന്റെ ഒരു മകളോടു കൂടെ) - بنت الابن

- മയ്യത്തിന്റെ ഒരു മകളോടു കൂടെ (രണ്ടോ അതിലധികമോ പെൺകുട്ടികൾ ആണെങ്കിൽ മൂന്നിൽ രണ്ട് ആണല്ലോ, ഇവിടെ ഒരു മകളും ഒരു മകന്റെ മകളും ആയത് കൊണ്ട് മകൾക്ക് പകുതി, കഴിച്ച ബാക്കി വരുന്ന ആറിൽ ഒന്ന് മകന്റെ മകൾക്ക് കൊടുക്കുന്നു. ഇത് تَكْمِلَةُ الثُّلُثَيْنِ - മൂന്നിൽ രണ്ടിന്റെ പൂർത്തീകരണം - എന്ന് അറിയപ്പെടുന്നു.

9. ഉപ്പ ഒത്ത സഹോദരി (പൂർണ്ണ സഹോദരിയോടു കൂടെ) - الأخت لأب

- പൂർണ്ണ സഹോദരിയോടു കൂടെ അവകാശികളായി പിതാക്കളോ കുട്ടികളോ ഇല്ലാത്ത അവസ്ഥയിൽ (കലാല) രണ്ടോ അതിലധികമോ സഹോദരികൾ ആണെങ്കിൽ മൂന്നിൽ രണ്ട് ആണല്ലോ, ഇവിടെ ഒരു ഉപ്പയും ഉമ്മയും ഒത്ത സഹോദരിയും ഒരു ഉപ്പ ഒത്ത സഹോദരിയും ആയത് കൊണ്ട് ഉപ്പയും ഉമ്മയും ഒത്ത സഹോദരിക്ക് പകുതി, കഴിച്ച ബാക്കി വരുന്ന ആറിൽ ഒന്ന് ഉപ്പ ഒത്ത സഹോദരിക്ക് കൊടുക്കുന്നു - മകന്റെ മകളുടേത് മുകളിൽ പറഞ്ഞ പോലെ.

ഇവിടെ ഉപ്പാപ്പയും ഉമ്മാമയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പ്രത്യേകം മനസ്സിലാക്കുക:

- <u>ഉപ്പാപ്പയുമായി ബന്ധപ്പെട്ട്:</u>

  ➢ ഉപ്പയുടെ അഭാവത്തിൽ ഉപ്പാപ്പയെ ഉപ്പയെ പോലെ പരിഗണിക്കണം, ചില സന്ദർഭങ്ങളിലൊഴിച്ച്:

  1) ഉപ്പ ഉണ്ടെങ്കിൽ സഹോദരങ്ങൾക്ക് ഓഹരി തടയപ്പെടും (حجب ആകും), എന്നാൽ ഉപ്പാപ്പയാണെങ്കിൽ സഹോദരങ്ങൾക്ക് ഓഹരി തടയില്ല. കൂടുതൽ വിവരങ്ങൾ ഉപ്പാപ്പയുടെയും സഹോദരങ്ങളുടെയും അധ്യായത്തിൽ (باب الجد والإخوة) വരുന്നതാണ്, إن شاء الله.
  2) അതുപോലെ നേരത്തേ പറഞ്ഞ ثلث الباقي യുടെ مسئلة ഇവിടെ ബാധകമല്ല. (ഉപ്പ ഉണ്ടെങ്കിൽ, മയ്യിത്തിന്റെ ഉമ്മാക്ക് ثلث الباقي കൊടുത്താൽ മതിയായിരുന്നു, എന്നാൽ അത് ഉപ്പാപ്പയാകുമ്പോൾ ثلث തന്നെ കൊടുക്കണം).

- <u>ഉമ്മാമയുമായി ബന്ധപ്പെട്ട്:</u>

  1) ഉമ്മാമമാർ എത്രയായാലും എല്ലാവർക്കും കൂടി ആറിലൊന്ന് മാത്രമേ ലഭിക്കുകയുള്ളൂ.
  2) അടുത്തുള്ള (قريب ആയ) ഉമ്മയുടെ ഭാഗത്തുള്ള ഉമ്മാമ അകലെയുള്ള (بعيد ആയ) ഉപ്പയുടെ ഭാഗത്തുള്ള ഉമ്മാമയുടെ ഓഹരി തടയും. എന്നാൽ തിരിച്ച് അടുത്തുള്ള ഉപ്പയുടെ ഭാഗത്തുള്ള ഉമ്മാമ അകലെയുള്ള ഉമ്മയുടെ ഭാഗത്തുള്ള ഉമ്മാമയുടെ ഓഹരി തടയുമോ എന്ന വിഷയത്തിൽ രണ്ട് അഭിപ്രായങ്ങളുണ്ടെങ്കിലും തടയില്ല എന്നതാണ് ഏറ്റവും ശരിയായത്. കാരണം ഉമ്മാമ എന്ന വകുപ്പ് വരുന്നത് ഉമ്മയിൽ (الأمومة) കൂടിയാണല്ലോ. രണ്ടാമത്തെ അഭിപ്രായ പ്രകാരം തടയും.
  3) അതുപോലെ ساقط ആയ جدة ന് അവകാശം കിട്ടില്ല. കാരണം, അവർ ذوي الأرحام ൽ പെട്ടവരാണ്, (ഉദാഹരണം: ഉമ്മയുടെ ഉപ്പയുടെ ഉമ്മ).

## بَابُ التَّعْصِيبِ

وَحُقَّ أَنْ نَشْرَعَ فِي التَّعْصِيبِ    بِكُلِّ قَوْلٍ مُوجَزٍ مُصِيبِ
فَكُلُّ مَنْ أَحْرَزَ كُلَّ الْمَالِ    مِنَ الْقَرَابَاتِ أَوِ الْمَوَالِي
أَوْ كَانَ مَا يَفْضُلُ بَعْدَ الفَرْضِ لَهْ    فَهْوَ أَخُ الْعُصُوبَةِ الْمُفَضَّلَهْ
كَالْأَبِ وَالْجَدِّ وَجَدِّ الْجَدِّ    وَالاِبْنِ عِنْدَ قُرْبِهِ وَالْبُعْدِ
وَالْأَخِ وَابْنِ الْأَخِ وَالْأَعْمَامِ    وَالسَّيِّدِ الْمُعْتِقِ ذِي الْإِنْعَامِ
وَهَكَذَا بَنُوهُمُ جَمِيعَا    فَكُنْ لِمَا أَذْكُرُهُ سَمِيعَا
وَمَا لِذِي الْبُعْدَى مَعَ الْقَرِيبِ    فِي الْإِرْثِ مِنْ حَظٍّ وَلَا نَصِيبِ
وَالْأَخُ وَالْعَمُّ لِأُمٍّ وَأَبِ    أَوْلَى مِنَ الْمُدْلِي بِشَطْرِ النَّسَبِ
وَالاِبْنُ وَالْأَخُ مَعَ الْإِنَاثِ    يُعَصِّبَانِهِنَّ فِي الْمِيرَاثِ
وَالْأَخَوَاتُ إِنْ تَكُنْ بَنَاتُ    فَهُنَّ مَعْهُنَّ مُعَصَّبَاتُ
وَلَيْسَ فِي النِّسَاءِ طُرًّا عَصَبَهْ    إِلَّا الَّتِي مَنَّتْ بِعِتْقِ الرَّقَبَهْ

- അടുപ്പം (القرابة) എന്നാണ് عصبة എന്ന വാക്കിനർത്ഥം, ഉപ്പയുടെ ഭാഗത്തു കൂടിയുള്ള قرابة നെയാണ് ഉദ്ദേശം.
- സ്വത്ത് മുഴുവനായോ അല്ലെങ്കിൽ നിർണിത ഓഹരിക്കാർക്ക് (أهل الفروض) കൊടുത്തതിനു ശേഷം ബാക്കിയുള്ളതോ ഇവർക്ക് ലഭിക്കുന്നു.
- നിർണിത ഓഹരിക്കാർക്ക് (أهل الفروض) കൊടുത്തതിനു ശേഷം ബാക്കി ഇല്ലെങ്കിൽ - മകൻ, ഉപ്പ, ഉപ്പാപ്പ (അതിന്റെ മുകളിലോട്ടും) ഇവരല്ലാത്തവർക്ക് - ഓഹരി കിട്ടില്ല. ഉപ്പ, ഉപ്പാപ്പ (അതിന്റെ മുകളിലോട്ടും) ഇവർക്ക് ആരൊക്കെ ഉണ്ടായാലും ആറിലൊന്ന് നിർണിത ഓഹരിയായി തന്നെ, അല്ലെങ്കിൽ അതിലും കൂറച്ച് ലഭിക്കുന്നു.
- ഉപ്പയുടെ ഭാഗത്തുള്ള قرابات ഉം മോചിപ്പിക്കപ്പെട്ട അടിമയുടെ ഉടമ (موالي) യും ഈ വകുപ്പിൽ പെടുന്നു.

➢ അസ്വബക്കാർ മൂന്ന് തരത്തിലാണ്. അവ താഴെ വിവരിക്കുന്നു:

I. <u>അൽ-അസ്വബതു ബിന്നഫ്സ് (العَصَبَةُ بِالنَّفْسِ):</u>

- നസബിൽ പെട്ട ഉമ്മയൊത്ത സഹോദരൻ ഒഴികെയുള്ള എല്ലാ പുരുഷന്മാരും, അതുപോലെ വലാഇൽ പെട്ട പുരുഷനും സ്ത്രീയും ഇതിൽ ഉൾപ്പെടുന്നു.
- സ്വത്ത് മുഴുവനായോ അല്ലെങ്കിൽ നിർണിത ഓഹരിക്കാർക്ക് (أهل الفروض) കൊടുത്തതിനു ശേഷം ബാക്കിയുള്ളതോ ഇവർക്ക് ലഭിക്കുന്നു.
- നിർണിത ഓഹരിക്കാർ ഇല്ലെങ്കിൽ സ്വത്ത് മുഴുവനായി ഇവർക്ക് ലഭിക്കുന്നു. ഇത് അൽ-അസ്വബതു ബിന്നഫ്സിന്റെ മാത്രം പ്രത്യേകതയാണ്.
- ഇവർ ആകെ 14 പേർ:
  1. മകൻ – الابن
  2. മകന്റെ മകൻ, താഴോട്ടും – ابن الابن
  3. ഉപ്പ - الأب
  4. ഉപ്പയുടെ ഉപ്പ, അതിന്റെ മുകളിലോട്ടും – الجد
  5. ഉമ്മയും ഉപ്പയും ഒത്ത സഹോദരൻ - الأخ الشقيق
  6. ഉപ്പ ഒത്ത സഹോദരൻ - الأخ لأب
  7. ഉമ്മയും ഉപ്പയും ഒത്ത സഹോദര പുത്രൻ - ابن الأخ لأبوين
  8. ഉപ്പ ഒത്ത സഹോദര പുത്രൻ - ابن الأخ لأب
  9. ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത സഹോദരൻ - العم الشقيق
  10. ഉപ്പയുടെ ഉപ്പ ഒത്ത സഹോദരൻ - العم لأب
  11. ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത സഹോദര പുത്രൻ - ابن العم الشقيق
  12. ഉപ്പയുടെ ഉപ്പ ഒത്ത സഹോദര പുത്രൻ - ابن العم لأب
  13. വലാഓട്ട കൂടെ അടിമയെ മോചിപ്പിച്ച ഉടമ - ആൺ - المعتق
  14. വലാഓട്ട കൂടെ അടിമയെ മോചിപ്പിച്ച ഉടമ - പെൺ - المعتقة

## II. അൽ-അസ്വബതു ബിൽഗൈർ (العَصَبَةُ بِالْغَيْرِ):

- ഒറ്റയ്ക്കുള്ളപ്പോൾ നിർണ്ണിത ഓഹരിക്കാരിൽ പെട്ട ഇവർ, അതേ വകുപ്പിൽ പെട്ട ആണുള്ളപ്പോൾ അസ്വബയായി മാറുന്നു.
- ഇവർ ആകെ 4 പേരാണ്:

1. മകൾ - البنت
    - മകൻ ഉണ്ടെങ്കിൽ.
2. മകന്റെ മകൾ - بنت الابن അതിന്റെ താഴോട്ടും
    - മകന്റെ മകൻ / മകന്റെ മകന്റെ മകൻ, അതിന്റെ താഴോട്ടും ഉണ്ടെങ്കിൽ.
3. ഉമ്മയും ഉപ്പയും ഒത്ത സഹോദരി - الأخت لأبوين
    - ഉമ്മയും ഉപ്പയും ഒത്ത സഹോദരൻ ഉണ്ടെങ്കിൽ.
4. ഉപ്പ ഒത്ത സഹോദരി - الأخت لأب
    - ഉപ്പ ഒത്ത സഹോദരൻ ഉണ്ടെങ്കിൽ.

## III. അൽ-അസ്വബതു മഅൽഗൈർ (العَصَبَةُ مَعَ الْغَيْرِ):

- ഒറ്റയ്ക്കുള്ളപ്പോൾ നിർണ്ണിത ഓഹരിക്കാരിൽ പെട്ട ഇവർ മറ്റൊരു വകുപ്പിൽ പെട്ട പെണ്ണുള്ളപ്പോൾ അസ്വബയായി മാറുന്നു.
- ഇവർ 2 പേരാണ്.

1. ഉമ്മയും ഉപ്പയും ഒത്ത സഹോദരി - الأخت لأبوين
    - മകൾ/ മകന്റെ മകൾ, അതിന്റെ താഴോട്ടും കൂടെ ഉണ്ടെങ്കിൽ.
2. ഉപ്പ ഒത്ത സഹോദരി - الأخت لأب
    - മകൾ/ മകന്റെ മകൾ, അതിന്റെ താഴോട്ടും കൂടെ ഉണ്ടെങ്കിൽ.

<u>അസ്വബക്കാരുടെ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:</u>

- ജിഹത് (الجهة), ദറജ (الدرجة), ഖുവ്വത് (القوة), ഇവ പരിഗണിച്ചാണ് അസ്വബക്കാരുടെ മുൻഗണന നോക്കുന്നത്. ഇവയിൽ ആദ്യം പരിഗണിക്കേണ്ടത് ജിഹത്തും പിന്നെ ദറജയും പിന്നെ ഖുവ്വത്തുമാണ്.
- ജിഹതുകൾ പരിഗണിക്കേണ്ടത് ബുനുവ്വ (البنوة), ഉബൂവ്വ (الأبوة), ഉഖുവ്വ (الأخوة), ഉമൂമ (العمومة), വലാഅ് (الولاء) ഈ ഓർഡറിൽ ആയിരിക്കണം.

  ഉദാഹരണം: സഹോദരൻ (الأخ) ഉള്ളപ്പോൾ ഉപ്പയുടെ സഹോദരൻ (العم) തടയപ്പെട്ടും.

- ദറജ കൊണ്ട് ഉദ്ദേശിക്കുന്നത് അടുത്തോ (قريب) അകലെയോ (بعيد) എന്നുള്ളതാണ്. അതായത് അടുപ്പം കൂടിയവർ (قريب) അകലെയുള്ളവരെ (بعيد) തടയും.

  ഉദാഹരണം: ഉപ്പയുടെ സഹോദരൻ (العم) ഉണ്ടെങ്കിൽ ഉപ്പയുടെ സഹോദരന്റെ മകൻ (ابن العم) തടയപ്പെട്ടും.

- അതുപോലെ ഖുവ്വത്ത് കൊണ്ട് ഉദ്ദേശിക്കുന്നത് ബന്ധത്തിന്റെ ദൃഢതയാണ് - അതായത് ഉമ്മയും ഉപ്പയും ഒത്തത് അല്ലെങ്കിൽ ഉപ്പ ഒത്തത് പോലെ.

  ഉദാഹരണം: ഉപ്പയുടെ പൂർണ്ണ സഹോദരൻ (العم الشقيق) ഉണ്ടെങ്കിൽ ഉപ്പയുടെ ഉപ്പയൊത്ത സഹോദരൻ (العم لأب) തടയപ്പെട്ടും.

- എന്നാൽ ഉമ്മയൊത്ത സഹോദരൻ (الأخ لأم) നിർണിത ഓഹരിക്കാരനിൽ പെട്ടത് കൊണ്ട് തടയപ്പെടില്ല എന്നത് പ്രത്യേകം ഓർക്കുക.
- അടിമയെ മോചിപ്പിച്ച (رقبة നെ عتق ചൊല്ലിയ) പെണ്ണല്ലാതെ, ഒറ്റപ്പെണ്ണും തനിച്ച് عصبة ആകില്ല.

## بَابُ الحَجْبِ

وَالْــجَدُّ مَــحْجُوبٌ عَــنِ الْمِــيرَاثِ    بِـــالْأَبِ فِي أَحْـــوَالِهِ الـــثَّلَاثِ
وَتَسْـــقُطُ الْـجَدّاتُ فِي كُـــلِّ جِهَهْ    بِالْأُمِّ فَافْهَمْهُ وَقِسْ مَـــا أَشْــبَهَهْ
وَهَــكَذَا ابْــنُ الاِبْـــنِ بِالاِبْنِ فَلَا    تَبْغِ عَنِ الْــحُكْمِ الـصَّحِيحِ مَعْدِلَا
وتَسْـــــقُطُ الْإِخْـــوَةُ بِـــالْبَنِينَا    وَبِـــالْأَبِ الْأَدْنَى كَــمَا رُوِينَـــا
وَبِـــبَنِي الْـــبَنِينَ كَـيْفَ كَـــانُوا    سِـــيَّانِ فِـــيهِ الْـجَمْعُ وَالْوِحْدَانُ
ويَـــفْضُلُ ابْـنُ الْأُمِّ بِـــالْإِسْـقَاطِ    بِـــالْـجَدِّ فَـــافْهَمْهُ عَلَى احْتِيَاطِ
وَبِـــالْبَنَاتِ وَبَـــنَاتِ الاِبْـــنِ    جَمْعاً وَوِحْدَانًا فَـــقُلْ لِـــي زِدْنِي
ثُـــمَّ بَـنَاتُ الاِبْـنِ يَسْـقُطْنَ مَتَـى    حَـازَ الْــبَنَاتُ الـثُّلُثَيْنِ يَـا فَـتَى
إِلَّا إِذَا عَــصَّبَـهُنَّ الــــذَّكَـــرُ    مِـــنْ وَلَـدِ الاِبْــنِ عَلَى مَا ذَكَرُوا
وَمِـــثْلُهُنَّ الْأَخَــــوَاتُ الــــلَّاتِي    يُـــدْلِينَ بِـــالْقُرْبِ مِـنَ الْـجِهَاتِ
إِذَا أَخَــذْنَ فَـــــرْضَهُنَّ وَافِـــيَا    أَسْــــقَطْنَ أَوْلَادَ الْأَبِ الْــــبَوَاكِيَا
وإِنْ يَـــكُنْ أَخٌ لَـــهُنَّ حَـــاضِرَا    عَـــــصَّبَهُنَّ بَــــاطِنًا وَظَاهِـــرَا
وَلَــــيْسَ اِبْـــنُ الْأَخِ بِالْــمُعَصِّبِ    مَـــنْ مِثْلُهُ أَوْ فَـــوْقَهُ فِي الـــنَّسَبِ

- മറയാവൽ എന്നാണ് حجب ന്റെ അർത്ഥം.
- ഇന്ന അവകാശി ഉണ്ടാകുമ്പോൾ ഇന്ന അവകാശിക്ക് അനന്തരം (إرث) കിട്ടില്ല എന്ന അർത്ഥത്തിലാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. ഇത് രണ്ട് വിധമുണ്ട്:

1. ഒരാളുണ്ടെങ്കിൽ മറ്റേ ആൾക്ക് തീരെ കിട്ടില്ല - حجب حرمان
   ഉദാഹരണം: മകൻ ഉണ്ടെങ്കിൽ സഹോദരന് തീരെ കിട്ടില്ല.
2. കിട്ടുന്ന ഓഹരി കുറയും - حجب نقصان
   ഉദാഹരണം: ഒരാൾക്ക് ഒരു മകൻ മാത്രമാണെങ്കിൽ കിട്ടുന്നതിന്റെ പാതി മാത്രമേ രണ്ട് മക്കളുള്ളപ്പോൾ കിട്ടുകയുള്ളൂ.

➢ ഇവിടെ നമ്മൾ ചർച്ചക്കെടുക്കുന്നത് حجب حرمان ആണ്.

1) ഉപ്പ ഉണ്ടെങ്കിൽ ഉപ്പാപ്പാക്ക് അവകാശം കിട്ടില്ല (മൂന്ന് അവസരത്തിലും).
   - 1. ഉപ്പാപ്പാക്ക് فرض മാത്രം കിട്ടുന്ന അവസ്ഥ – മകനുണ്ടെങ്കിൽ $\frac{1}{6}$ .
   - 2. ഉപ്പാപ്പ عصبة ആകുന്ന അവസ്ഥ – കുട്ടികൾ ഇല്ലെങ്കിൽ.
   - 3. രണ്ടവസ്ഥയും - പെൺ മക്കൾ മാത്രം ഉള്ളപ്പോൾ.
2) ഉപ്പ ഉണ്ടെങ്കിൽ جدة (ഉപ്പയുടെ ഉമ്മാക്ക് മാത്രം) കിട്ടില്ല.
3) ഉമ്മ ഉണ്ടാകുമ്പോൾ جدات (ഉമ്മയുടെ ഉമ്മാക്കും ഉപ്പയുടെ ഉമ്മാക്കും) കിട്ടില്ല.
4) മകൻ ഉണ്ടെങ്കിൽ മകന്റെ മകന് കിട്ടില്ല. (ഉപ്പ ജീവിച്ചിരിക്കെ മകൻ / മകൾ മരിച്ചാൽ, അവരുടെ മയ്യത്തിന്റെ മക്കൾക്ക് വേണ്ടി മയ്യത്തിന്റെ ഉപ്പാക്ക് വസ്വിയ്യത്ത് ചെയ്യാവുന്നതാണ്).
5) ഉപ്പ ഉണ്ടെങ്കിലും, മകന്റെ മകൻ / ആൺ മക്കൾ ഉണ്ടെങ്കിലും സഹോദരീ സഹോദരന്മാർക്ക് കിട്ടില്ല.
6) ഉപ്പാപ്പയോ, പെണ്മക്കളോ, മകന്റെ പെണ്മക്കളോ ഉണ്ടായാലും ഉമ്മ ഒത്ത സഹോദരങ്ങൾക്ക് കിട്ടില്ല
7) ഒരാൾക്ക് എല്ലാ അവകാശികളും ഉണ്ടായാലും മകൻ, ഉപ്പ, ഉമ്മ, മകൾ, ഭാര്യ/ഭർത്താവ് (ابن، أب، أم، بنت، زوج/زوجة) ഇവർക്ക് എന്തായാലും അനന്തരം കിട്ടും (حجب ആകില്ല).
8) മകന്റെ പെണ്മക്കൾക്ക് പെണ്മക്കളോട് (ഒന്നിൽ കൂടുതൽ) കൂടി അനന്തരം കിട്ടില്ല, എന്നാൽ കൂടെ മകന്റെ മകനോ (أخ مبارك) അല്ലെങ്കിൽ അതിന്റെ താഴോട്ടോ ഉള്ള ഒരു മകനുണ്ടെങ്കിൽ (മകന്റെ മകന്റെ മകന്റെ..... മകൻ) കിട്ടും. - അതായത് മകന്റെ മകനോട് കൂടെ മകന്റെ മകൾ عصبة ക്കാരിയായി മാറും. - ഇവിടെ ആണിനു പെണ്ണിന്റെ ഇരട്ടി എന്ന രീതിയിൽ വീതിക്കണം.
9) മുകളിൽ പറഞ്ഞത് പോലെ രണ്ടോ അതിൽ കൂടുതലോ സഹോദരികൾ ഉണ്ടാകുമ്പോൾ ഉപ്പയൊത്ത സഹോദരിക്ക് കിട്ടില്ല, എന്നാൽ അവിടെ ഒരു ഉപ്പയൊത്ത സഹോദരൻ ഉണ്ടെങ്കിൽ കിട്ടും.
   - ➢ സഹോദരി സഹോദരനോട് കൂടി عصبة ആകും.
   - ➢ സഹോദരിക്ക് സഹോദരന്റെ പകുതി എന്ന രീതിയിൽ ഓഹരി കിട്ടും.
   - ➢ ഇവിടെ ഉപ്പയൊത്ത സഹോദരനു പകരം ഉപ്പയൊത്ത സഹോദരന്റെ മകൻ ആയാൽ പറ്റില്ല.

**അനുബന്ധം:**

അനന്തരാവകാശ നിയമങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഹജ്ബ്, അത് കൊണ്ട് തന്നെ വളരെ ശ്രദ്ധയോടെ പഠിക്കേണ്ടതുണ്ട്. അതിനാൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ കുറച്ചു കൂടി വ്യക്തത വരാൻ ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കുന്നു.

## I. ഹജ്ബുന്നുഖ്സാൻ (حجب النقصان):

- ഇവിടെ ഓഹരി പൂർണ്ണമായും തടയപ്പെടില്ല. മറിച്ച് കിട്ടുന്ന ഓഹരി കുറയും. ഇത് എല്ലാ അവകാശികളിലും വരും.
- ചില അവകാശികൾ ഉള്ളപ്പോൾ മറ്റ് ചില അവകാശികൾക്ക് ഓഹരി കുറയും, ഇതാണ് ഇൻതികാൽ (الانتقال).
- ഒരേ ഇനത്തിൽപ്പെട്ട അവകാശികളുടെ എണ്ണം കൂടിയിട്ട് ഓഹരി കുറയുന്നതാണ് ഇസ്ദിഹാം (الازدحام).
- ഹജ്ബുന്നുഖ്സാൻ ഇസ്ദിഹാം (الازدحام) ആയി മൂന്നും, ഇൻതികാൽ (الانتقال) ആയി നാലും, ആകെ 7 രൂപത്തിൽ വരും.

**ഇസ്ദിഹാം (الازدحام):**

### 1. ആളുകൾ കൂടുതലായത് കൊണ്ട് നിർണ്ണിത ഓഹരി കുറയുന്നത്:

ഉദാഹരണം: ഒരു ഭാര്യയാണെങ്കിൽ (മക്കളില്ലെങ്കിൽ) അവൾക്ക് നാലിലൊന്നും ഒന്നിൽ കൂടുതൽ ഭാര്യമാർ ഉണ്ടെങ്കിൽ എല്ലാവർക്കും കൂടി നാലിലൊന്നും ലഭിക്കുന്നു. അപ്പോൾ ഓരോ ഭാര്യയുടെയും ഓഹരി കുറയുന്നു.

മറ്റൊരു ഉദാഹരണം: രണ്ടു പെൺമക്കളാണെങ്കിൽ മൂന്നിൽ രണ്ട് തുല്യമായി വീതിക്കപ്പെടുന്നു, (ഒരു മകൾക്ക് മൂന്നിൽ ഒന്ന് എന്ന നിലക്ക്). ഇനി നാല് പെൺമക്കളാണെങ്കിൽ മൂന്നിൽ രണ്ട് തുല്യമായി വീതിക്കുമ്പോൾ ഓഹരി കുറയുന്നു. (ഒരു മകൾക്ക് ആറിൽ ഒന്ന് എന്ന നിലക്ക്).

### 2. ആളുകൾ കൂടുതലായത് കൊണ്ട് അസ്വബക്കാരുടെ ഓഹരി കുറയുന്നത്:

ഉദാഹരണം: കുട്ടികളുടെ എണ്ണം കൂടുമ്പോൾ ഓരോ കുട്ടിക്കുമുള്ള ഓഹരി കുറയുന്നത്.

മറ്റൊരു ഉദാഹരണം: സഹോദരങ്ങളുടെ എണ്ണം കൂടുമ്പോൾ ഓരോ സഹോദരനുമുള്ള ഓഹരി കുറയുന്നത്.

**3. നിർണ്ണിത ഓഹരിക്കാർ കൂടുതലായാൽ ഔൽ ആയി ഓഹരി കുറയുന്നത്:**

ഉദാഹരണം: ബാബുൽ ഹിസാബ് കാണുക.

**ഇൻതികാൽ (الانتقال):**

**4. നിർണ്ണിത ഓഹരിയിൽ നിന്ന് കുറഞ്ഞ മറ്റൊരു നിർണ്ണിത ഓഹരിയിലേക്ക്:**

ഉദാഹരണം: ഭർത്താവിന്റെ ഓഹരി (കുട്ടികൾ ഇല്ലെങ്കിൽ) പകുതിയിൽ നിന്ന്, (കുട്ടികൾ ഉണ്ടെങ്കിൽ) നാലിലൊന്ന് ആയി കുറയുന്നത്.

മറ്റൊരു ഉദാഹരണം: ഭാര്യയുടെ ഓഹരി (കുട്ടികൾ ഇല്ലെങ്കിൽ) നാലിലൊന്നിൽ നിന്ന്, (കുട്ടികൾ ഉണ്ടെങ്കിൽ) എട്ടിലൊന്ന് ആയി കുറയുന്നത്.

മറ്റൊരു ഉദാഹരണം: ഉമ്മയുടെ ഓഹരി (കുട്ടികൾ ഇല്ലെങ്കിൽ) മൂന്നിൽ ഒന്നിൽ നിന്ന്, (കുട്ടികൾ ഉണ്ടെങ്കിൽ) ആറിലൊന്ന് ആയി കുറയുന്നത്.

**5. നിർണ്ണിത ഓഹരിയിൽ നിന്ന് കുറഞ്ഞ അസ്വബയിലേക്ക്:**

ഉദാഹരണം: പകുതിയുടെ അവകാശികൾ അസ്വബത്തു ബിൽ ഗൈർ ആവുക.

(മകളുടെ ഓഹരി പകുതി, എന്നാൽ മകളും മകനും ഉണ്ടായാൽ മകൾ അസ്വബയായി ഓഹരി കുറയുന്നു.

മകന്റെ മകളുടെ ഓഹരി പകുതി, എന്നാൽ മകന്റെ മകളും മകന്റെ മകനും ഉണ്ടായാൽ മകന്റെ മകൾ അസ്വബയായി ഓഹരി കുറയുന്നു.

പൂർണ്ണ സഹോദരിയുടെ ഓഹരി പകുതി, എന്നാൽ പൂർണ്ണ സഹോദരനും പൂർണ്ണ സഹോദരിയും ഉണ്ടായാൽ പൂർണ്ണ സഹോദരി അസ്വബയായി ഓഹരി കുറയുന്നു.

ഉപ്പയൊത്ത സഹോദരിയുടെ ഓഹരി പകുതി, എന്നാൽ ഉപ്പയൊത്ത സഹോദരനും ഉപ്പയൊത്ത സഹോദരിയും ഉണ്ടായാൽ ഉപ്പയൊത്ത സഹോദരി അസ്വബയായി ഓഹരി കുറയുന്നു.)

### 6. നിർണ്ണിതമല്ലാത്ത ഓഹരിയിൽ (അസ്വബയിൽ) നിന്ന് കുറഞ്ഞ മറ്റൊരു നിർണ്ണിതമല്ലാത്ത ഓഹരിയിലേക്ക്:

ഉദാഹരണം: അസ്വബത്തു മഅൽ ഗൈറിൽ നിന്ന് അസ്വബത്തു ബിൽ ഗൈറിലേക്ക്

ഉപ്പയും ഉമ്മയും ഒത്ത സഹോദരി അസ്വബത്തു മഅൽ ഗൈറിൽ നിന്ന് (കൂടെ മകൾ ഉണ്ടെങ്കിൽ) ഓഹരി, അസ്വബത്തു ബിൽ ഗൈറിലേക്ക് (ഉമ്മയും ഉപ്പയുമൊത്ത സഹോദരനുണ്ടെങ്കിൽ).

ഉപ്പ ഒത്ത സഹോദരി അസ്വബത്തു മഅൽ ഗൈറിൽ നിന്ന് (കൂടെ മകൾ ഉണ്ടെങ്കിൽ) ഓഹരി, അസ്വബത്തു ബിൽ ഗൈറിലേക്ക് (ഉപ്പയൊത്ത സഹോദരനുണ്ടെങ്കിൽ).

### 7. നിർണ്ണിതമല്ലാത്ത ഓഹരിയിൽ (അസ്വബയിൽ) നിന്ന് കുറഞ്ഞ നിർണ്ണിത ഓഹരിയിലേക്ക്:

ഉദാഹരണം: മക്കളില്ലെങ്കിൽ ഉപ്പ / ഉപ്പാപ്പ അസ്വബക്കരനാണ്, എന്നാൽ മക്കളുണ്ടെങ്കിൽ ഉപ്പയുടെ / ഉപ്പാപ്പയുടെ ഓഹരി ആറിൽ ഒന്നാകും.

## II. ഹജ്ബുൽ ഹിർമാൻ (حجب الحرمان):

- ഒരാളുണ്ടെങ്കിൽ മറ്റേ ആൾക്ക് തീരെ കിട്ടില്ല.
- മകൻ, മകൾ, ഉമ്മ, ഉപ്പ, ഭർത്താവ്, ഭാര്യ ഇവർ ഒരിക്കലും പൂർണ്ണമായി ഹജ്ബ് ആകില്ല.
- ഈ ആറ് പേരൊഴികെ നിബന്ധനകൾക്കനുസരിച്ച് എല്ലാവരും ഹജ്ബ് ആകും.
- ഹജ്ബു ഹിർമാനുമായി ബന്ധപ്പെട്ട ചില അടിസ്ഥാന തത്വങ്ങൾ താഴെ പറയുന്ന പ്രകാരം സംഗ്രഹിക്കാം.

### 1. ഫുറൂഇൽ പെട്ടവരെ ഫുറൂഇൽ പെട്ടവരല്ലാതെ ഹജ്ബ് ചെയ്യുകയില്ല.

1.1. ഫുറൂഇൽ പെട്ട പുരുഷന്മാർ അവരുടെ താഴെയുള്ള ഫുറൂഇൽ പെട്ട എല്ലാവരെയും (പുരുഷൻമാരെയും സ്ത്രീകളെയും) ഹജ്ബ് ചെയ്യും.

ഉദാഹരണം: മയ്യത്തിന്റെ മകൻ ഉള്ളപ്പോൾ മകന്റെ ആൺമക്കൾക്കും മകന്റെ പെൺമക്കൾക്കും ഓഹരി കിട്ടില്ല.

1.2. ഫുറൂഇൽ പെട്ട സ്ത്രീകൾ അവരുടെ താഴെയുള്ള ഫുറൂഇൽ പെട്ട ഒരാളെയും (പുരുഷൻമാരെയും സ്ത്രീകളെയും) ഹജ്ബ് ചെയ്യുകയില്ല.

ഉദാഹരണം: മയ്യത്തിന് മകൾ ഉള്ളപ്പോൾ മകന്റെ മകൾക്ക് ഓഹരി കിട്ടും (تَكْمِلَةُ الثُّلُثَيْنِ), മയ്യത്തിന് രണ്ടു പെൺകുട്ടികൾ ഉള്ളപ്പോൾ മകന്റെ മകൾക്ക് (ബാക്കി ഇല്ലാത്തത് കൊണ്ട്) ഓഹരി കിട്ടില്ല, എന്നാൽ ഇത് ഹജ്ബ് അല്ല, കാരണം അവിടെ ഒരു മകന്റെ മകനോ അതിന്റെ താഴെയുള്ളവരോ (أَخٌ مُبَارَكٌ) ഉണ്ടെങ്കിൽ അവർ ബാക്കിയുള്ളതിൽ അസ്വബക്കാരായി മാറും (അപ്പോൾ രണ്ട് പെണ്ണിന് തുല്യമായത് ഒരു ആണിന് എന്ന നിലയിൽ ഓഹരി കിട്ടും).

**2. ഉസൂലിൽ പെട്ടവരെ ഉസൂലിൽ പെട്ടവരല്ലാതെ ഹജ്ബ് ചെയ്യുകയില്ല.**

2.1. ഉസൂലിൽ പെട്ട പുരുഷന്മാരെ അവരുടെ താഴെയുള്ള ഉസൂലിൽ പെട്ട പുരുഷൻമാരല്ലാതെ ഹജ്ബ് ചെയ്യുകയില്ല.

ഉദാഹരണം: മയ്യത്തിന്റെ ഉപ്പ ഉള്ളപ്പോൾ ഉപ്പാപ്പക്ക് ഓഹരി കിട്ടില്ല, എന്നാൽ ഉമ്മ ഉള്ളപ്പോൾ ഉപ്പാപ്പക്ക് ഓഹരി കിട്ടും.

2.2. ഉസൂലിൽ പെട്ട സ്ത്രീകളെ അവരുടെ താഴെയുള്ള ഉസൂലിൽ പെട്ട സ്ത്രീകളല്ലാതെ ഹജ്ബ് ചെയ്യുകയില്ല.

ഉദാഹരണം: മയ്യത്തിന്റെ ഉമ്മ ഉള്ളപ്പോൾ ഉമ്മാമക്ക് (ഉമ്മയുടെ ഉമ്മ/ ഉപ്പയുടെ ഉമ്മ) ഓഹരി കിട്ടില്ല, എന്നാൽ ഉപ്പ ഉള്ളപ്പോൾ ഹമ്പലി മദ്ഹബിൽ ഉമ്മയുടെ ഉമ്മക്കും ഉപ്പയുടെ ഉമ്മക്കും ഓഹരി കിട്ടുമെങ്കിലും, ഈ നിയമം മറ്റു മദ്ഹബുകൾക്ക് എതിരാണ്. (കാരണം മറ്റു മദ്ഹബുകൾ പ്രകാരം ഉപ്പ ഉള്ളപ്പോൾ ഉപ്പയുടെ ഉമ്മാക്ക് ഓഹരി കിട്ടില്ല).

**3. ഹവാശിയിൽ പെട്ടവരെ ഫുറൂഇൽ പെട്ടവരും ഉസൂലിൽ പെട്ടവരും ഹവാശിയിൽ പെട്ടവരും ഹജ്ബ് ചെയ്യും.**

3.1. ഫുറൂഇൽ പെട്ട എല്ലാ പുരുഷന്മാരും ഹവാശിയിൽ പെട്ട മുഴുവൻ പേരെയും ഹജ്ബ് ചെയ്യും.

ഉദാഹരണം: മകന്റെ മകൻ പൂർണ്ണ സഹോദരനെ ഹജ്ബ് ചെയ്യും.

3.2. ഫുറൂഇൽ പെട്ട സ്ത്രീകൾ ഹവാശിയിൽ പെട്ട ഉമ്മ ഒത്ത സഹോദര/ സഹോദരികളെ അല്ലാതെ ഹവാശിയിൽ പെട്ട ആരേയും ഹജ്ബ് ചെയ്യുകയില്ല.

ഉദാഹരണം: മകളും ഉപ്പയുടെ സഹോദരന്റെ മകനും ആണെങ്കിൽ; മകൾക്ക് പകുതിയും, ബാക്കി (അസ്വബയായി) ഉപ്പയുടെ സഹോദരന്റെ മകനും ലഭിക്കുന്നു.

മറ്റൊരു ഉദാഹരണം: മകന്റെ മകളും ഉമ്മയൊത്ത സഹോദരനും ഉപ്പയൊത്ത സഹോദരന്റെ മകനും ആണെങ്കിൽ; മകന്റെ മകൾക്ക് പകുതിയും, ബാക്കി (അസ്വബയായി) ഉപ്പയൊത്ത സഹോദരന്റെ മകനും ലഭിക്കുന്നു, എന്നാൽ മകന്റെ മകൾ ഉള്ളത് കൊണ്ട് ഉമ്മയൊത്ത സഹോദരന് കിട്ടില്ല.

3.3. ഉസൂലിൽ പെട്ട എല്ലാ പുരുഷന്മാരും ഹവാശിയിൽ പെട്ട മുഴുവൻ പേരെയും ഹജ്ബ് ചെയ്യും.
 - എന്നാൽ ഉപ്പാപ്പ ഉമ്മയൊത്ത സഹോദര/ സഹോദരികളെ അല്ലാത്ത സഹോദരങ്ങളെ ഹജ്ബ് ചെയ്യില്ല.

3.4. ഉസൂലിൽ പെട്ട സ്ത്രീകൾ ഹവാശിയിൽ പെട്ട ആരേയും ഹജ്ബ് ചെയ്യുകയില്ല.

ഉദാഹരണം: ഉമ്മയും ഉപ്പയുടെ സഹോദരന്റെ മകനും ഉമ്മയൊത്ത സഹോദരിയും ആണെങ്കിൽ; ഉമ്മാക്ക് മൂന്നിൽ ഒന്ന്, ഉമ്മയൊത്ത സഹോദരിക്ക് ആറിലൊന്ന്, ബാക്കി (അസ്വബയായി) ഉപ്പയുടെ സഹോദരന്റെ മകനും ലഭിക്കുന്നു.

3.5. ഹവാശിയിൽ പെട്ട പുരുഷന്മാരും സ്ത്രീകളും ഹവാശിയിൽ പെട്ട അവരേക്കാൾ (മയ്യത്തിനോട്) അടുപ്പം കുറഞ്ഞവരെ - അവർ നിർണ്ണിത ഓഹരിക്കാരല്ലെങ്കിൽ (അസ്വബക്കാരാണെങ്കിൽ) ഹജ്ബ് ചെയ്യും.

ഉദാഹരണം: മകൾ, ഉപ്പയൊത്ത സഹോദരി, പൂർണ്ണ സഹോദരന്റെ മകൻ എന്നിവർ ആണെങ്കിൽ; മകൾക്ക് പകുതി, ബാക്കി (അസ്വബയായി) ഉപ്പയൊത്ത സഹോദരിക്ക് ലഭിക്കുന്നു. എന്നാൽ ഉപ്പയൊത്ത സഹോദരി ഉള്ളതിനാൽ പൂർണ്ണ സഹോദരന്റെ മകന് കിട്ടുകയില്ല, കാരണം ഉപ്പയൊത്ത സഹോദരിയുടെ ദറജ പൂർണ്ണ സഹോദരന്റെ മകന്റെ ദറജയേക്കാൾ അടുത്തതാണ്.

മറ്റൊരു ഉദാഹരണം: മകൾ, പൂർണ്ണ സഹോദരി, ഉപ്പയൊത്ത സഹോദരിമാർ എന്നിവർ ആണെങ്കിൽ; മകൾക്ക് പകുതി, ബാക്കി (അസ്വബയായി) പൂർണ്ണ സഹോദരിക്ക് ലഭിക്കുന്നു. എന്നാൽ പൂർണ്ണ സഹോദരി ഉള്ളതിനാൽ

ഉപ്പയൊത്ത സഹോദരിമാർക്ക് കിട്ടുകയില്ല, കാരണം പൂർണ്ണ സഹോദരിയുടെ അടുപ്പത്തിന്റെ ശുവ്വത്ത് ഉപ്പയൊത്ത സഹോദരിമാരേക്കാൾ കൂടുതലാണ്.

മറ്റൊരു ഉദാഹരണം: ഭർത്താവ്, പൂർണ്ണ സഹോദരി, ഉപ്പയൊത്ത സഹോദരിമാർ എന്നിവരാണെങ്കിൽ; ഭർത്താവിന് പകുതി, പൂർണ്ണ സഹോദരിക്ക് പകുതി, ഉപ്പയൊത്ത സഹോദരിമാർക്ക് ആറിൽ ഒന്ന് (രണ്ടു കൂട്ടർക്കും കൂടി മൂന്നിൽ രണ്ട് - تَكْمِلَةُ الثُّلُثَيْنِ) ലഭിക്കുന്നു. അപ്പോൾ മസ്അല ഔൽ ആകും (ഔലിനെ പറ്റി അറിയാൻ ബാബുൽ ഹിസാബ് കാണുക).

ഇവിടെ പൂർണ്ണ സഹോദരി ഉപ്പയൊത്ത സഹോദരിമാരെ ഹജ്ബ് ചെയ്യുകയില്ല, കാരണം ഉപ്പയൊത്ത സഹോദരിമാർക്ക് നിർണ്ണിത ഓഹരിയാണ്, അവർ അസ്വബ അല്ല.

## 25 അവകാശികളുടെയും അവരുടെ അവകാശം തടയുന്നവരുടേയും പട്ടിക:

| ക്രമ നമ്പർ | അവകാശികൾ | ഹജബ് ആക്കുന്നവർ (തടസ്സം നിൽക്കുന്നവർ) | അനുബന്ധം |
|---|---|---|---|
| 1 | മകൻ | ആരുമില്ല. | അസ്വബ, മറ്റു മക്കളോടു കൂടി ഓഹരി കുറയും. |
| 2 | മകന്റെ മകൻ | മകൻ. | അസ്വബ. |
| 3 | ഉപ്പ | ആരുമില്ല. | മക്കൾ ഇല്ലെങ്കിൽ അസ്വബ, ആൺ മക്കൾ ആണെങ്കിൽ നിർണ്ണിത ഓഹരി ആറിൽ ഒന്ന്, പെൺ മക്കളാണെങ്കിൽ രണ്ടും കൂടെ. |
| 4 | ഉപ്പാപ്പ (ഉപ്പയുടെ ഉപ്പ) | ഉപ്പ. | ഉമ്മയുടെ ഉപ്പ അവകാശി അല്ല. |
| 5 | ഉമ്മയും ഉപ്പയും ഒത്ത സഹോദരൻ | മകൻ, മകന്റെ മകൻ, ഉപ്പ. | ഉപ്പാപ്പ തടയുമോ എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. |
| 6 | ഉപ്പയൊത്ത സഹോദരൻ | മകൻ, മകന്റെ മകൻ, ഉപ്പ, ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉമ്മയും ഉപ്പയും ഒത്ത സഹോദരി. | ഉപ്പാപ്പ തടയുമോ എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഉമ്മയും ഉപ്പയും ഒത്ത സഹോദരി പെണ്മക്കളോടു കൂടെ അസ്വബയാകും. |
| 7 | ഉമ്മയൊത്ത സഹോദരൻ | മകൻ, മകന്റെ മകൻ, ഉപ്പ, ഉപ്പാപ്പ, മകൾ, മകന്റെ മകൾ. | നിർണിത ഓഹരി. |
| 8 | ഉമ്മയും ഉപ്പയും ഒത്ത സഹോദര പുത്രൻ | മകൻ, മകന്റെ മകൻ, ഉപ്പ, ഉപ്പാപ്പ, ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉമ്മയും ഉപ്പയും ഒത്ത സഹോദരി, ഉപ്പയൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉപ്പ ഒത്ത സഹോദരി. | ഉമ്മയും ഉപ്പയും ഒത്ത സഹോദരിയും ഉപ്പ ഒത്ത സഹോദരിയും പെണ്മക്കളോടു കൂടെ അസ്വബയാകും. |
| 9 | ഉപ്പയൊത്ത സഹോദര പുത്രൻ | മകൻ, മകന്റെ മകൻ, ഉപ്പ, ഉപ്പാപ്പ, ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉമ്മയും ഉപ്പയും ഒത്ത സഹോദരി, ഉപ്പയൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉപ്പ ഒത്ത സഹോദരി, ഉമ്മയും ഉപ്പയുമൊത്ത സഹോദര പുത്രൻ. | ഉമ്മയും ഉപ്പയും ഒത്ത സഹോദരിയും ഉപ്പ ഒത്ത സഹോദരിയും പെണ്മക്കളോടു കൂടെ അസ്വബയാകും. |
| 10 | ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത സഹോദരൻ | മകൻ, മകന്റെ മകൻ, ഉപ്പ, ഉപ്പാപ്പ, ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉമ്മയും ഉപ്പയും ഒത്ത സഹോദരി, ഉപ്പയൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉപ്പ ഒത്ത സഹോദരി, ഉമ്മയും ഉപ്പയുമൊത്ത സഹോദര പുത്രൻ, ഉപ്പയൊത്ത സഹോദര പുത്രൻ. | ഉമ്മയും ഉപ്പയും ഒത്ത സഹോദരിയും ഉപ്പ ഒത്ത സഹോദരിയും പെണ്മക്കളോടു കൂടെ അസ്വബയാകും. |

| ക്രമ നമ്പർ | അവകാശികൾ | ഹജബ് ആക്കുന്നവർ (തടസ്സം നിൽക്കുന്നവർ) | അനുബന്ധം |
|---|---|---|---|
| 11 | ഉപ്പയുടെ ഉപ്പയൊത്ത സഹോദരൻ | മകൻ, മകന്റെ മകൻ, ഉപ്പ, ഉപ്പാപ്പ, ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉമ്മയും ഉപ്പയും ഒത്ത സഹോദരി, ഉപ്പയൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉപ്പ ഒത്ത സഹോദരി, ഉമ്മയും ഉപ്പയുമൊത്ത സഹോദര പുത്രൻ, ഉപ്പയൊത്ത സഹോദര പുത്രൻ, ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത സഹോദരൻ. | ഉമ്മയും ഉപ്പയും ഒത്ത സഹോദരിയും ഉപ്പ ഒത്ത സഹോദരിയും പെണ്മക്കളോടു കൂടെ അസ്വബയാകും. |
| 12 | ഉപ്പയുടെ ഉമ്മയും ഉപ്പയും ഒത്ത സഹോദര പുത്രൻ | മകൻ, മകന്റെ മകൻ, ഉപ്പ, ഉപ്പാപ്പ, ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉമ്മയും ഉപ്പയും ഒത്ത സഹോദരി, ഉപ്പയൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉപ്പ ഒത്ത സഹോദരി, ഉമ്മയും ഉപ്പയുമൊത്ത സഹോദര പുത്രൻ, ഉപ്പയൊത്ത സഹോദര പുത്രൻ, ഉപ്പയുടെ ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, ഉപ്പയുടെ ഉപ്പയൊത്ത സഹോദരൻ. | ഉമ്മയും ഉപ്പയും ഒത്ത സഹോദരിയും ഉപ്പ ഒത്ത സഹോദരിയും പെണ്മക്കളോടു കൂടെ അസ്വബയാകും. |
| 13 | ഉപ്പയുടെ ഉപ്പയൊത്ത സഹോദര പുത്രൻ | മകൻ, മകന്റെ മകൻ, ഉപ്പ, ഉപ്പാപ്പ, ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉമ്മയും ഉപ്പയും ഒത്ത സഹോദരി, ഉപ്പയൊത്ത സഹോദരൻ, അസ്വബക്കാരിയായ ഉപ്പ ഒത്ത സഹോദരി, ഉമ്മയും ഉപ്പയുമൊത്ത സഹോദര പുത്രൻ, ഉപ്പയൊത്ത സഹോദര പുത്രൻ, ഉപ്പയുടെ ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, ഉപ്പയുടെ ഉപ്പയൊത്ത സഹോദരൻ, ഉപ്പയുടെ ഉമ്മയും ഉപ്പയുമൊത്ത സഹോദര പുത്രൻ. | ഉമ്മയും ഉപ്പയും ഒത്ത സഹോദരിയും ഉപ്പ ഒത്ത സഹോദരിയും പെണ്മക്കളോടു കൂടെ അസ്വബയാകും. |
| 14 | ഭർത്താവ് | ആരുമില്ല. | മക്കൾ ഉണ്ടെങ്കിൽ ഓഹരി $\frac{1}{2}$ ൽ നിന്നു $\frac{1}{4}$ ആകും. |
| 15 | മോചിപ്പിക്കപ്പെട്ട അടിമയുടെ ഉടമ (ആൺ) | മറ്റുള്ള എല്ലാവരും. | |
| 16 | മകൾ | ആരുമില്ല. | ഒന്ന് മാത്രമായാൽ $\frac{1}{2}$ , ഒന്നിൽ കൂടുതലാണെങ്കിൽ $\frac{2}{3}$ , ആൺ മക്കൾ കൂടെ ഉണ്ടെങ്കിൽ അസ്വബ. |
| 17 | മകന്റെ മകൾ | മകൻ, മകൾ (ഒന്നിൽ കൂടുതൽ). | കൂടെ ഒരു മകൾ മാത്രമാണെങ്കിൽ ആറിൽ ഒന്ന് കിട്ടും.<br>ഒന്നിൽ കൂടുതൽ പെണ്മക്കളും ഒപ്പം മകന്റെ മകൻ അല്ലെങ്കിൽ അതിന്റെ താഴോട്ടോ ഉള്ള ഒരു മകൻ (മകന്റെ മകന്റെ മകന്റെ... മകൻ) ഉണ്ടെങ്കിൽ അസ്വബ ആയി ഓഹരി കിട്ടും. |

| ക്രമ നമ്പർ | അവകാശികൾ | ഹജബ് ആക്കുന്നവർ (തടസ്സം നിൽക്കുന്നവർ) | അനുബന്ധം |
|---|---|---|---|
| 18 | ഉമ്മ | ആരുമില്ല. | മക്കളോ ഒന്നിൽ കൂടുതൽ സഹോദരങ്ങളോ ഉണ്ടെങ്കിൽ ഓഹരി $\frac{1}{3}$ ൽ നിന്നും $\frac{1}{6}$ ആയി കുറയും.<br>ഉമ്മ, ഉപ്പ, ഉമ്മ ഭർത്താവ് / ഭാര്യ എന്നിവരാണ് ഉള്ളതെങ്കിൽ ثلث الباقي കിട്ടും. |
| 19 | ഉമ്മയുടെ ഉമ്മ | ഉമ്മ. | |
| 20 | ഉപ്പയുടെ ഉമ്മ | ഉമ്മ, ഉപ്പ. | ഹമ്പലി മദ്ഹബ് അനുസരിച്ച് ഉപ്പ ഉപ്പയുടെ ഉമ്മയെ തടയില്ല. മറ്റു മദ്ഹബുകളിൽ തടയും. |
| 21 | ഉമ്മയും ഉപ്പയും ഒത്ത സഹോദരി | മകൻ, മകന്റെ മകൻ, ഉപ്പ. | ഉപ്പാപ്പ തടയുമോ എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. |
| 22 | ഉപ്പയൊത്ത സഹോദരി | മകൻ, മകന്റെ മകൻ, ഉപ്പ, ഉമ്മയും ഉപ്പയുമൊത്ത സഹോദരൻ, ഉമ്മയും ഉപ്പയുമൊത്ത സഹോദരികൾ (ഒന്നിൽ കൂടുതൽ). | ഉപ്പാപ്പ തടയുമോ എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്.<br>കൂടെ ഒരു ഉമ്മയും ഉപ്പയുമൊത്ത സഹോദരി ആണെങ്കിൽ ഉപ്പയൊത്ത സഹോദരിമാർക്ക് ആറിൽ ഒന്ന് ഓഹരി കിട്ടും.<br>ഒന്നിൽ കൂടുതൽ ഉമ്മയും ഉപ്പയുമൊത്ത സഹോദരിമാർ ആണെങ്കിൽ, ഒപ്പം ഉപ്പയൊത്ത സഹോദരനുണ്ടെങ്കിൽ അസ്വബയായി ഓഹരി കിട്ടും. |
| 23 | ഉമ്മയൊത്ത സഹോദരി | മകൻ, മകന്റെ മകൻ, ഉപ്പ, ഉപ്പാപ്പ, മകൾ, മകന്റെ മകൾ. | നിർണിത ഓഹരി |
| 24 | ഭാര്യ | ആരുമില്ല. | മക്കൾ ഉണ്ടെങ്കിൽ ഓഹരി $\frac{1}{4}$ ൽ നിന്നും $\frac{1}{8}$ ആയി കുറയും.<br>ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ ഓഹരി എല്ലാ ഭാര്യമാർക്കും തുല്യമായി വീതിക്കണം. |
| 25 | മോചിപ്പിക്കപ്പെട്ട അടിമയുടെ ഉടമ (പെണ്ണ്) | മറ്റുള്ള എല്ലാവരും | |

## بَابُ الْمُشْتَرَكَةِ

وَإِنْ تَـــجِدْ زَوْجًـــا وَأُمًّا وَرِثَـــا　　وَإِخْـــوَةً لِـــلأُمِّ حَـــازُوا الـــثُّلُثَا
وَإِخْـــــــوَةً أَيْـــــــضًا لِأُمٍّ وَأَبِ　　وَاسْـتَغْرَقُوا الْـمَالَ بِفَرْضِ النُّصُبِ
فَاجْـــعَـــلْهُمُ كُـــلَّهُمُ لِأُمِّ　　وَاجْـعَلْ أَبَـــاهُمْ حَـــجَرًا فِي الْيَمِّ
وَاقْسِـــمْ عَلَى الْإِخْوَةِ ثُـــلْثَ التَّرِكَهْ　　فَـــهَذِهِ الْـــمَسْأَلَةُ الْـــمُشْتَرَكَهْ

ഒരാൾക്ക് അവകാശികൾ ഭർത്താവ്, ഉമ്മ / ഉമ്മാമ, ഒന്നിൽ കൂടുതൽ ഉമ്മയൊത്ത സഹോദരങ്ങൾ, ഉമ്മയും ഉപ്പയും ഒത്ത സഹോദരങ്ങൾ ( زوج، أم، إخوة لأم, إخوة لأبوين) എന്നിവരാണെങ്കിൽ, നിർണിത ഓഹരിക്കാർ (أهل الفروض) മുഴുവൻ സ്വത്തും വീതിച്ചെടുക്കുന്നു. ഭർത്താവ് - $\frac{1}{2}$, ഉമ്മ – $\frac{1}{6}$, ഉമ്മയൊത്ത സഹോദരങ്ങൾ - $\frac{1}{3}$ (ചിത്രം – 1). ഇവിടെ ഉമ്മയൊത്ത സഹോദരങ്ങൾക്ക് ഓഹരി കിട്ടുകയും, ഉമ്മയും ഉപ്പയും ഒത്ത സഹോദരനു ഓഹരി കിട്ടാതിരിക്കികുകയും ചെയ്യുന്നു. അതിനാൽ ഈ مسئلة യിൽ ഉമ്മയും ഉപ്പയും ഒത്ത സഹോദരനെ (الأخ الشقيق) ഉമ്മയൊത്ത സഹോദരനായി (الأخ لأم) കണക്കാക്കുന്നു (ഉപ്പയെ കടലിലെറിയുക എന്നതിന്റെ ഉദ്ദേശം ഇതാണ്). അപ്പോൾ ഉമ്മയൊത്ത സഹോദരങ്ങളും (الأخ لأم) ഉമ്മയും ഉപ്പയുമൊത്ത സഹോദരങ്ങളും (الأخ الشقيق) കൂടി ഓഹരി വീതിച്ചെടുക്കുന്നു. (ചിത്രം – 2).

| | | 6 |
|---|---|---|
| ഭർത്താവ് | പകുതി | 3 |
| ഉമ്മ | ആറിൽ ഒന്ന് | 1 |
| ഉമ്മയൊത്ത സഹോദരങ്ങൾ | മൂന്നിൽ ഒന്ന് | 2 |
| ഉമ്മയും ഉപ്പയുമൊത്ത സഹോദരങ്ങൾ | - | - |

ചിത്രം – 1

| | | 6 |
|---|---|---|
| ഭർത്താവ് | പകുതി | 3 |
| ഉമ്മ | ആറിൽ ഒന്ന് | 1 |
| ഉമ്മയൊത്ത സഹോദരങ്ങൾ<br>ഉമ്മയും ഉപ്പയുമൊത്ത സഹോദരങ്ങൾ | മൂന്നിൽ ഒന്ന് | 2 |

ചിത്രം – 2

- ഇവിടെ ആണിനും പെണ്ണിനും തുല്യ ഓഹരിയാണ്.
- ഇത് مسئلة المشركة، مسئلة الحجرية، مسئلة اليمية എന്നൊക്കെ അറിയപ്പെടുന്നു.

## بَابُ الجَدِّ والْإِخْوَةِ

وَنَبْتَدِي الْآنَ بِمَا أَرَدْنَا　　فِي الْجَدِّ وَالْإِخْوَةِ إِذْ وَعَدْنَا
فَأَلْقِ نَحْوَ مَا أَقُولُ السَّمْعَا　　وَاجْمَعْ حَوَاشِي الْكَلِمَاتِ جَمْعَا
وَاعْلَمْ بِأَنَّ الْجَدَّ ذُو أَحْوَالِ　　أُنْبِيكَ عَنْهُنَّ عَلَى التَّوَالِي
يُقَاسِمُ الْإِخْوَةَ فِيهِنَّ إِذَا　　لَمْ يَعُدِ الْقَسْمُ عَلَيْهِ بِالْأَذَى
فَتَارَةً يَأْخُذُ ثُلْثاً كَامِلَا　　إِنْ كَانَ بِالْقِسْمَةِ عَنْهُ نَازِلَا
إِنْ لَمْ يَكُنْ هُنَاكَ ذُو سِهَامِ　　فَاقْنَعْ بِإِيضَاحِي عَنِ اسْتِفْهَامِ
وَتَارَةً يَأْخُذُ ثُلْثَ الْبَاقِي　　بَعْدَ ذَوِي الْفُرُوضِ وَالْأَرْزَاقِ
هَذَا إِذَا مَا كَانَتِ الْمُقَاسَمَهْ　　تَنْقُصُهُ عَنْ ذَاكَ بِالْمُزَاحَمَهْ
وَتَارَةً يَأْخُذُ سُدْسَ الْمَالِ　　وَلَيْسَ عَنْهُ نَازِلًا بِحَالِ
وَهْوَ مَعَ الْإِنَاثِ عِنْدَ الْقَسْمِ　　مِثْلُ أَخٍ فِي سَهْمِهِ وَالْحُكْمِ
إِلَّا مَعَ الْأُمِّ فَلَا يَحْجُبُهَا　　بَلْ ثُلُثُ الْمَالِ لَهَا يَصْحَبُهَا
وَاحْسُبْ بَنِي الْأَبِ لَدَى الْأَعْدَادِ　　وَارْفُضْ بَنِي الْأُمِّ مَعَ الْأَجْدَادِ
وَاحْكُمْ عَلَى الْإِخْوَةِ بَعْدَ الْعَدِّ　　حُكْمَكَ فِيهِمْ عِنْدَ فَقْدِ الْجَدِّ
وَاسْقِطْ بَنِي الْإِخْوَةِ بِالْأَجْدَادِ　　حُكْمًا بِعَدْلٍ ظَاهِرِ الْإِرْشَادِ

- ഇത് إجتهاد ആയിട്ടുള്ള ഒരു مسئلة ആണ്.
- ഉപ്പ സഹോദരി സഹോദരന്മാരെ മൊത്തമായി തടയും. ഉപ്പയുടെ ഉപ്പ ഉമ്മ ഒത്ത സഹോദരി സഹോദരന്മാരെ തടയും.
- ഉപ്പയുടെ ഉപ്പ സഹോദരി സഹോദരന്മാരെ (ഉപ്പയും ഉമ്മയും ഒത്തത് അല്ലെങ്കിൽ ഉപ്പ ഒത്തത്) തടയുമോ എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്. തടയില്ല എന്ന അഭിപ്രായമാണ് ഇവിടെ പരിഗണിക്കുന്നത്.

- ഉപ്പാപ്പയും (ഉപ്പയുടെ ഉപ്പ) സഹോദരീ സഹോദരന്മാരും (ഉപ്പയും ഉമ്മയും ഒത്തത് അല്ലെങ്കിൽ ഉപ്പ ഒത്തത്) ഒന്നിച്ച് വരുമ്പോഴുള്ള വിവിധ സന്ദർഭങ്ങളും അതിന്റെ നിയമങ്ങളും താഴെ കൊടുക്കുന്നു:

1) <u>ഉപ്പാപ്പയും സഹോദരീ സഹോദരന്മാരും ഒന്നിച്ച് വരുകയും കൂടെ നിർണ്ണിത ഓഹരിയുള്ള അവകാശികൾ ഇല്ലാതിരിക്കുകയും ചെയ്താൽ:-</u>

- ഉപ്പാപ്പയെ സഹോദരനായി കണ്ട് مقاسمة നടത്തുക. പക്ഷെ, മിനിമം $\frac{1}{3}$ കിട്ടണം (അഥവാ مقاسمة നടത്തിയിട്ട് കിട്ടുന്നത് $\frac{1}{3}$ യിലും കുറവാണെങ്കിൽ $\frac{1}{3}$ കൊടുക്കുക).
   - ഉദാഹരണം: മയ്യത്തിന് ഉപ്പാപ്പ, രണ്ട് സഹോദരൻ, ഒരു സഹോദരി എന്നിവരാണ് ഉള്ളത്. ഇവിടെ مقاسمة നടത്തിയാൽ, (ഉപ്പാപ്പയെ സഹോദരന്റെ സ്ഥാനത്ത് കണക്കാക്കി ഓഹരി വെക്കുക എന്നതാണ് مقاسمة കൊണ്ട് ഉദ്ദേശിക്കുന്നത്).

     ഉപ്പാപ്പാക്ക് $-\frac{2}{7}$
     ഒരു സഹോദരന് $-\frac{2}{7}$
     സഹോദരിക്ക് $-\frac{1}{7}$ ഇങ്ങനെ ഓഹരി കിട്ടും.

     ഇവിടെ ഉപ്പാപ്പാക്കുള്ള ഓഹരി $\frac{1}{3}$ നേക്കാളും കുറവാണ്. അതിനാൽ ഉപ്പാപ്പാക്ക് $\frac{1}{3}$ കൊടുക്കും.

   - മറ്റൊരു ഉദാഹരണം: മയ്യത്തിന് ഉപ്പാപ്പ, ഒരു സഹോദരൻ, ഒരു സഹോദരി എന്നിവരാണ് ഉള്ളത്. ഇവിടെ مقاسمة നടത്തിയാൽ,

     ഉപ്പാപ്പാക്ക് $-\frac{2}{5}$
     സഹോദരന് $-\frac{2}{5}$
     സഹോദരിക്ക് $-\frac{1}{5}$ ഇങ്ങനെ ഓഹരി കിട്ടും.

     ഇവിടെ ഉപ്പാപ്പാക്കുള്ള ഓഹരി $\frac{1}{3}$ നേക്കാളും കൂടുതലാണ്. അതിനാൽ ഉപ്പാപ്പാക്ക് ഇത് $\left(\frac{2}{5}\right)$ കൊടുക്കും.

2) <u>ഉപ്പാപ്പയും സഹോദരീ സഹോദരന്മാരും ഒന്നിച്ച് വരുകയും കൂടെ നിർണ്ണിത ഓഹരിയുള്ള അവകാശികൾ ഉണ്ടാവുകയും ചെയ്താൽ:-</u>

- നിർണ്ണിത ഓഹരിയുള്ളവർക്ക് കൊടുത്ത ശേഷം مقاسمة നടത്തുകയും ثلث الباقي എത്രയുണ്ടെന്നും നോക്കുക. അത്പോലെ ആകെയുള്ളതിന്റെ $\frac{1}{6}$ ഉം നോക്കുക. ഇതിൽ ഏതാണോ വലുത് അത് ഉപ്പാപ്പാക്ക് കൊടുക്കുക.

○ ഉദാഹരണം: മയ്യത്തിന് രണ്ട് പെൺമക്കൾ, ഉപ്പാപ്പ, രണ്ട് സഹോദരൻമാർ, ഒരു സഹോദരി എന്നിവരാണ് ഉള്ളത്.

ഇവിടെ നിർണിത ഓഹരിക്കാരായ പെൺമക്കൾക്ക് അവരുടെ ഓഹരി $\left(\frac{2}{3}\right)$ കൊടുക്കുക.

ബാക്കി $\left(\frac{1}{3}\right)$ مقاسمة നടത്തിയാൽ, | $1-\left(\frac{2}{3}\right)=\frac{1}{3}$

ഉപ്പാപ്പാക്ക് $-\left(\frac{2}{7}\right)*\left(\frac{1}{3}\right)=\frac{2}{21}$

സഹോദരന് $-\left(\frac{2}{7}\right)*\left(\frac{1}{3}\right)=\frac{2}{21}$

സഹോദരിക്ക് $-\left(\frac{1}{7}\right)*\left(\frac{1}{3}\right)=\frac{1}{21}$ ഇങ്ങനെ ലഭിക്കും.

അതായത് مقاسمة നടത്തിയാൽ ഉപ്പാപ്പാക്ക് $\frac{2}{21}$ .

ഇനി ثلث الباقي എടുത്താൽ,

ഉപ്പാപ്പാക്ക് $-\left(\frac{1}{3}\right)*\left(\frac{1}{3}\right)=\frac{1}{9}$

എന്നാൽ ഇവ രണ്ടും $\frac{1}{6}$ നേക്കാൾ കുറവാണ്.

അതിനാൽ ഉപ്പാപ്പാക്ക് $\frac{1}{6}$ കൊടുക്കും.

- മറ്റൊരു ഉദാഹരണം: മയ്യത്തിന് ഭാര്യ, ഉമ്മ, ഉപ്പാപ്പ, രണ്ട് സഹോദരൻമാർ, ഒരു സഹോദരി എന്നിവരാണ് ഉള്ളത്. ഇവിടെ നിർണിത ഓഹരിക്കാരായ ഭാര്യ $\left(\frac{1}{4}\right)$, ഉമ്മ $\left(\frac{1}{6}\right)$ ഇവർക്ക് അവരുടെ ഓഹരി കൊടുക്കുക.

ബാക്കി $\left(\frac{7}{12}\right)$ مقاسمة നടത്തിയാൽ, | $1-\left(\frac{1}{4}+\frac{1}{6}\right)=\frac{7}{12}$

ഉപ്പാപ്പാക്ക് – $\left(\frac{2}{7}\right)*\left(\frac{7}{12}\right)=\frac{1}{6}$

ഒരു സഹോദരന് – $\left(\frac{2}{7}\right)*\left(\frac{7}{12}\right)=\frac{1}{6}$

സഹോദരിക്ക് – $\left(\frac{1}{7}\right)*\left(\frac{7}{12}\right)=\frac{1}{12}$ ഇങ്ങനെ ലഭിക്കും.

അതായത് ഉപ്പാപ്പാക്ക് $\frac{1}{6}$

ഇനി ثلث الباقي എടുത്താൽ,

ഉപ്പാപ്പാക്ക് – $\left(\frac{1}{3}\right)*\left(\frac{7}{12}\right)=\frac{7}{36}$

അപ്പോൾ ഇവിടെ കൂടുതൽ വരുന്നത് ثلث الباقي എടുക്കുമ്പോഴാണ്, അതിനാൽ ഉപ്പാപ്പാക്ക് $\frac{7}{36}$ കൊടുക്കും.

- മറ്റൊരു ഉദാഹരണം: മയ്യത്തിന് മകൾ, ഉപ്പാപ്പ, സഹോദരൻ, സഹോദരി എന്നിവരാണ് ഉള്ളത്.

ഇവിടെ നിർണിത ഓഹരിക്കാരിയായ മകൾക്ക് അവരുടെ ഓഹരി $\left(\frac{1}{2}\right)$ കൊടുക്കുക. ബാക്കി $\left(\frac{1}{2}\right)$ مقاسمة നടത്തിയാൽ, | $1-\left(\frac{1}{2}\right)=\frac{1}{2}$

ഉപ്പാപ്പാക്ക് – $\left(\frac{2}{5}\right)*\left(\frac{1}{2}\right)=\frac{1}{5}$

ഒരു സഹോദരന് – $\left(\frac{2}{5}\right)*\left(\frac{1}{2}\right)=\frac{1}{5}$

സഹോദരിക്ക് – $\left(\frac{1}{5}\right)*\left(\frac{1}{2}\right)=\frac{1}{10}$ ഇങ്ങനെ ലഭിക്കും.

അതായത് ഉപ്പാപ്പാക്ക് $\frac{1}{5}$ .

ഇനി ثلث الباقي എടുത്താൽ,

$$\text{ഉപ്പാപ്പാക്ക്} - \left(\frac{1}{3}\right) * \left(\frac{1}{2}\right) = \frac{1}{6}$$

അപ്പോൾ ഇവിടെ കൂടുതൽ വരുന്നത് مقاسمة എടുക്കുമ്പോഴാണ്, അതിനാൽ

ഉപ്പാപ്പാക്ക് $\frac{1}{5}$ കൊടുക്കാം.

- ഉപ്പാപ്പയെ أخ ന്റെ സ്ഥാനത്ത് കൊണ്ടുവരുന്നുണ്ടെങ്കിലും ഉമ്മ حجب نقصان ആകാൻ പറ്റില്ല (അതായത് മക്കളില്ലാതെ ഒരു സഹോദരനാണെങ്കിൽ ഉമ്മാക്ക് $\frac{1}{3}$ കിട്ടും, ഒന്നിൽ കൂടുതൽ ഉണ്ടാകുമ്പോൾ $\frac{1}{6}$ മാത്രമേ കിട്ടുകയുള്ളൂ - ഉപ്പാപ്പയെ ഉമ്മയെ حجب ആക്കുന്ന രണ്ടാമത്തെ സഹോദരനായി കാണാൻ പാടില്ല.

➢ <u>ഉപ്പാപ്പയുടെ കൂടെ പൂർണ്ണ സഹോദരങ്ങളും ഉപ്പയൊത്ത സഹോദരങ്ങളും ( وإخوة إخوة لأب لأبوين) ഒന്നിച്ച് വരുമ്പോൾ:-</u>

- മൂന്ന് കൂട്ടരെയും (جد، إخوة لأبوين، إخوة لأب) സഹോദരങ്ങളായി കണ്ട് مقاسمة നടത്തുകയും, ثلث الباقي എത്രയുണ്ടെന്നും നോക്കുക, അത് പോലെ ആകെയുള്ളതിന്റെ $\frac{1}{6}$ ഉം നോക്കുക (കൂടെ നിർണ്ണിത ഓഹരിയുള്ള അവകാശികളും ഉണ്ടെങ്കിൽ). ഇതിൽ ഏതാണോ വലുത് അത് ഉപ്പാപ്പാക്ക് കൊടുക്കുക, എന്നിട്ട് ബാക്കി പൂർണ്ണ സഹോദരന് (إخوة لأبوين) കൊടുക്കുക (പൂർണ്ണ സഹോദരൻ ഉപ്പയൊത്ത സഹോദരന് തടസ്സം നിൽക്കും). എന്നാൽ ഉപ്പയൊത്ത സഹോദരനെ (إخوة لأب) مقاسمة നടത്തുമ്പോൾ പരിഗണിക്കുകയും വേണം.

## بَابُ الْأَكْدَرِيَّةِ

وَالْأُخْتُ لَا فَـرْضَ مَـعَ الْجَدِّ لَـهَا ‏ فِـي مَـا عَـدَا مَسْـأَلَةٍ كَـمَّلَهَا
زَوْجٌ وَأُمٌّ وَهُـمَا تَـمَامُهَا ‏ فَـاعْلَمْ فَـخَيْرُ أُمَّةٍ عَـلَّامُهَا
تُـعْرَفُ يَـا صَـاحِ بِالْأَكْـدَرِيَّةْ ‏ وَهْـيَ بِـأَنْ تَـعْرِفَهَا حَـرِيَّةْ
فَـيُفْرَضُ الـنِّصْفُ لَـهَا وَالسُّدْسُ لَهْ ‏ حَـتَّى تَـعُولَ بِالْـفُرُوضِ الْـمُجْمَلَةْ
ثُـمَّ يَـعُودَانِ إِلَـى الْـمُقَاسَـمَةْ ‏ كَـمَا مَضَى فَاحْفَظْهُ وَاشْكُرْ نَاظِمَهْ

- ഉപ്പാപ്പ ഉള്ളത് കൊണ്ട് സഹോദരിക്ക് فرض കണക്കാക്കില്ല, കാരണം ഉപ്പാപ്പയെ സഹോദരനായി കണക്കാക്കുന്നത് കൊണ്ട്. എന്നാൽ താഴെ വരുന്ന مسئلة الأكدرية യിൽ മാത്രം സഹോദരിക്ക് فرض കണക്കാക്കും.
- മരണപ്പെട്ട വ്യക്തിക്ക് ഭർത്താവ്, ഉമ്മ, ഉപ്പാപ്പ, സഹോദരി زوج، أم، أخت، جد എന്നിവരാണുള്ളതെങ്കിൽ, ഭർത്താവിനും $\left(\frac{1}{2}\right)$ ഉമ്മാക്കും $\left(\frac{1}{3}\right)$ ആകെ $\frac{5}{6}$ കൊടുക്കുന്നു. അപ്പോൾ ബാക്കി വരുന്ന $\frac{1}{6}$ മാത്രമേ ഉപ്പാപ്പക്കും സഹോദരിക്കും കൂടെ കിട്ടുകയുള്ളൂ.
  - എന്നാൽ ഇവിടെ أخت ന് فرض കണക്കാക്കിയാൽ ഭർത്താവിന് $\frac{1}{2}$, ഉമ്മാക്ക് $\frac{1}{3}$, സഹോദരിക്ക് $\frac{1}{2}$ , ഉപ്പാപ്പാക്ക് $\frac{1}{6}$ എന്നിങ്ങനെ കിട്ടുന്നു. ഇവിടെ ആകെ സ്വത്ത് തികയാതെ വരുന്നതിനാൽ عول (ഷേദ വർധനവ്) നടത്തണം - عول നെ പ്പറ്റി അടുത്ത باب ൽ വരുന്നതാണ്, إن شاء الله
- അതിനു ശേഷം ഉമ്മാക്കും $\left(\frac{2}{9}\right)$ ഭർത്താവിനും $\left(\frac{3}{9}\right)$ അവരുടെ ഓഹരി കൊടുത്ത് ബാക്കിയുള്ളത് കൊണ്ട് مقاسمة നടത്തുക.
- അവസാനം ഓരോരുത്തർക്കും വരുന്ന ഓഹരി താഴെ കൊടുക്കുന്നു:

  ഭർത്താവിന് - $\frac{9}{27}$
  ഉമ്മാക്ക് - $\frac{6}{27}$
  സഹോദരിക്ക് - $\frac{4}{27}$
  ഉപ്പാപ്പാക്ക് - $\frac{8}{27}$ .
- ഇതാണ് مسئلة الأكدرية എന്നറിയപ്പെടുന്നത്.

## بَابُ الْحِسَابِ

وَإِنْ تُرِدْ مَعْرِفَةَ الْحِسَابِ    لِتَهْتَدِي بِهِ إِلَى الصَّوَابِ
وَتَعْرِفَ الْقِسْمَةَ وَالتَّفْصِيلَا    وَتَعْلَمَ التَّصْحِيحَ وَالتَّأْصِيلَا
فَاسْتَخْرِجِ الْأُصُولَ فِي الْمَسَائِلِ    وَلَا تَكُنْ عَنْ حِفْظِهَا بِذَاهِلِ
فَإِنَّهُنَّ سَبْعَةٌ أُصُولُ    ثَلَاثَةٌ مِنْهُنَّ قَدْ تَعُولُ
وَبَعْدَهَا أَرْبَعَةٌ تَمَامُ    لَا عَوْلَ يَعْرُوهَا وَلَا انْثِلَامُ
فَالسُّدْسُ مِنْ سِتَّةِ أَسْهُمٍ يُرَى    وَالثُّلْثُ وَالرُّبْعُ مِنِ اثْنَيْ عَشَرَا
وَالثُّمْنُ إِنْ ضُمَّ إِلَيْهِ السُّدْسُ    فَأَصْلُهُ الصَّادِقُ فِيهِ الْحَدْسُ
أَرْبَعَةٌ يَتْبَعُهَا عِشْرُونَا    يَعْرِفُهَا الْحُسَّابُ أَجْمَعُونَ
فَهَذِهِ الثَّلَاثَةُ الْأُصُولُ    إِنْ كَثُرَتْ فُرُوعُهَا تَعُولُ
فَتَبْلُغُ السِّتَّةُ عِقْدَ الْعَشَرَهْ    فِي صُورَةٍ مَعْرُوفَةٍ مُشْتَهِرَهْ
وتَلْحَقُ الَّتِي تَلِيهَا بِالْأَثَرْ    فِي الْعَوْلِ إِفْرَادًا إِلَى سَبْعَ عَشَرْ
وَالْعَدَدُ الثَّالِثُ قَدْ يَعُولُ    بِثُمْنِهِ فَاعْمَلْ بِمَا أَقُولُ
وَالنِّصْفُ وَالْبَاقِي أَوِ النِّصْفَانِ    أَصْلُهُمَا فِي حُكْمِهِمْ إِثْنَانِ
وَالثُّلْثُ مِنْ ثَلَاثَةٍ يَكُونُ    وَالرُّبْعُ مِنْ أَرْبَعَةٍ مَسْنُونُ
وَالثُّمْنُ إِنْ كَانَ فَمِنْ ثَمَانِيَهْ    فَهَذِهِ هِيَ الْأُصُولُ الثَّانِيَهْ
لَا يَدْخُلُ الْعَوْلُ عَلَيْهَا فَاعْلَمِ    ثُمَّ اسْلُكِ التَّصْحِيحَ فِيهَا وَاقْسِمِ
وَإِنْ تَكُنْ مِنْ أَصْلِهَا تَصِحُّ    فَتَرْكُ تَطْوِيلِ الْحِسَابِ رِبْحُ
فَأَعْطِ كُلًّا سَهْمَهُ مِنْ أَصْلِهَا    مُكَمَّلًا أَوْ عَائِلًا مِنْ عَوْلِهَا

- ആദ്യം أصل مسئلة ഉണ്ടാക്കുക, നിർണിത ഓഹാരിക്കാരന്റെ (أهل الفروض) ഓഹരികൾ നോക്കിയാണ് അത് തീരുമാനിക്കുന്നത്.
- ഇത് ആകെ 7 എണ്ണമാണ്. അതിൽ മൂന്നെണ്ണം عول ആകും. ബാക്കിയുള്ളതിൽ عول വരില്ല.
- ആറിലൊന്ന് ഓഹരി കൊടുക്കണമെങ്കിൽ ആകെ 6 ആയി ഭാഗിക്കണം.
- മൂന്നിലൊന്നും നാലിലൊന്നും ആണെങ്കിൽ 12 ആയി ഭാഗിക്കണം.
- ആറിലൊന്നും എട്ടിലൊന്നും ആണെങ്കിൽ 24 ആയി ഭാഗിക്കണം.
- ഈ മൂന്നിലും (6, 12, 24) أهل الفروض ന്റെ എണ്ണം കൂടിയാൽ عول ആകാൻ സാധ്യത ഉണ്ട്. വിശദമായി താഴെ വരുന്നു, إن شاء الله.

I. 6 എന്ന أصل مسئلة 10 വരെ عول ആകാം.

- 7 ലേക്ക് عول ആകുന്നത്:- ഭർത്താവും രണ്ടോ കൂടുതലോ സഹോദരികളുമാണെങ്കിൽ ഭർത്താവിനു പകുതിയും $\left(\frac{1}{2}\right)$ സഹോദരികൾക്ക് മൂന്നിൽ രണ്ടും $\left(\frac{2}{3}\right)$ കൊടുക്കണമല്ലോ... അപ്പോൾ ആകെ $\frac{7}{6}$ വരുന്നു (കൊടുക്കാൻ മുതൽ തികയാത്ത അവസ്ഥ). ഇവിടെയാണ് عول ചെയ്യാൻ പോകുന്നത്. അതായത് $\frac{7}{6}$ എന്നതിൽ ഛേദമായ 6 നെ 7 ആക്കി മാറ്റി, ആകെ മുതലിനെ 7 ആയി ഭാഗിക്കണം. എന്നിട്ട് $\frac{3}{7}$ ഭർത്താവിനും ബാക്കിയുള്ള $\frac{4}{7}$ സഹോദരികൾക്കും കൊടുക്കുന്നു.
- 8 ലേക്ക് عول ആകുന്നത്:- ഭർത്താവ് $\left(\frac{1}{2}\right)$, രണ്ട് സഹോദരികൾ $\left(\frac{2}{3}\right)$, ഉമ്മ $\left(\frac{1}{6}\right)$. ഇതിൽ ആകെ $\frac{8}{6}$ വരും, അപ്പോൾ 8 ലേക്ക് عول ആകുന്നു.
- 9 ലേക്ക് عول ആകുന്നത്:- ഭർത്താവ് $\left(\frac{1}{2}\right)$, രണ്ട് സഹോദരികൾ $\left(\frac{2}{3}\right)$, ഉമ്മ $\left(\frac{1}{6}\right)$, ഉമ്മയൊത്ത സഹോദരി $\left(\frac{1}{6}\right)$. ആകെ $\frac{9}{6}$ വരും, അപ്പോൾ 9 ലേക്ക് عول.
- 10 ലേക്ക് عول ആകുന്നത്:- ഭർത്താവ് $\left(\frac{1}{2}\right)$, രണ്ട് സഹോദരികൾ $\left(\frac{2}{3}\right)$, ഉമ്മ $\left(\frac{1}{6}\right)$, രണ്ട് ഉമ്മയൊത്ത സഹോദരികൾ $\left(\frac{1}{3}\right)$. ആകെ $\frac{10}{6}$ വരും, അപ്പോൾ 10 ലേക്ക് عول.

II. 12 എന്ന أصل مسئلة ഒറ്റയായി കൂടി 17 വരെ عول ആകാം.

- 13 ലേക്ക് عول ആകുന്നത്:- ഭാര്യ $\left(\frac{1}{4}\right)$, രണ്ട് സഹോദരികൾ $\left(\frac{2}{3}\right)$, ഉമ്മ $\left(\frac{1}{6}\right)$. ആകെ $\frac{13}{12}$ , 13 ലേക്ക് عول.
- 15 ലേക്ക് عول ആകുന്നത്:- ഭാര്യ $\left(\frac{1}{4}\right)$, രണ്ട് സഹോദരികൾ $\left(\frac{2}{3}\right)$, ഉമ്മ $\left(\frac{1}{6}\right)$, ഉമ്മയൊത്ത സഹോദരി $\left(\frac{1}{6}\right)$. ആകെ $\frac{15}{12}$ , 15 ലേക്ക് عول.
- 17 ലേക്ക് عول ആകുന്നത്:- ഭാര്യ $\left(\frac{1}{4}\right)$, രണ്ട് സഹോദരികൾ $\left(\frac{2}{3}\right)$, ഉമ്മ $\left(\frac{1}{6}\right)$, രണ്ട് ഉമ്മയൊത്ത സഹൊദരി $\left(\frac{1}{3}\right)$. ആകെ $\frac{17}{12}$ 17 ലേക്ക് عول.

III. 24 എന്ന أصل مسئلة മൂന്ന് കൂടി 27 ലേക്ക് عول ആകും:

- രണ്ട് പെണ്മക്കൾ $\left(\frac{2}{3}\right)$, ഭാര്യ $\left(\frac{1}{8}\right)$, ഉമ്മ $\left(\frac{1}{6}\right)$, ഉപ്പ $\left(\frac{1}{6}\right)$. ആകെ $\frac{27}{24}$ , 27 ലേക്ക് عول.

➢ ഇനി عول വരാത്തവയെപ്പറ്റി നോക്കാം:

- $\frac{1}{2}$ ഓഹരി കൊടുക്കണമെങ്കിൽ ആകെ 2 ആയി ഭാഗിക്കണം.
- $\frac{1}{3}$ ഓഹരി കൊടുക്കണമെങ്കിൽ ആകെ 3 ആയി ഭാഗിക്കണം.
- $\frac{1}{4}$ ഓഹരി കൊടുക്കണമെങ്കിൽ ആകെ 4 ആയി ഭാഗിക്കണം.
- $\frac{1}{8}$ ഓഹരി കൊടുക്കണമെങ്കിൽ ആകെ 8 ആയി ഭാഗിക്കണം.

➢ ഇവയിൽ (2, 3, 4, 8) عول കടക്കില്ല.

➢ ഇത്രയും കഴിഞ്ഞാൽ تصحيم ലേക്കും قسم ലേക്കും കടക്കുക.

➢ ഇനി أصل مسئلة കൊണ്ട് തന്നെ എല്ലാവർക്കും പൂർണ്ണമായോ عول ആയോ ഓഹരി കൊടുക്കാൻ പറ്റുമെങ്കിൽ അങ്ങിനെ കൊടുക്കുക.

## بَابُ السِّهَامِ

| | |
|---|---|
| وَإِنْ تَرَ السِّهَامَ لَيْسَتْ تَنْقَسِمْ | عَلَى ذَوِي الْمِيرَاثِ فَاتْبَعْ مَا رُسِمْ |
| وَاطْلُبْ طَرِيقَ الِاخْتِصَارِ فِي الْعَمَلْ | بِالْوَفْقِ وَالضَّرْبِ يُجَانِبْكَ الزَّلَلْ |
| وَارْدُدْ إِلَى الْوَفْقِ الَّذِي يُوَافِقُ | وَاضْرِبْهُ فِي الْأَصْلِ فَأَنْتَ الْحَاذِقُ |
| إِنْ كَانَ جِنْسًا وَاحِدًا أَوْ أَكْثَرَا | فَاتْبَعْ سَبِيلَ الْحَقِّ وَاطْرَحِ الْمِرَا |
| وَإِنْ تَرَ الْكَسْرَ عَلَى أَجْنَاسِ | فَإِنَّهَا فِي الْحُكْمِ عِنْدَ النَّاسِ |
| يُحْصَرُ فِي أَرْبَعَةٍ أَقْسَامِ | يَعْرِفُهَا الْمَاهِرُ فِي الْأَحْكَامِ |
| مُمَاثِلٌ مِنْ بَعْدِهِ مُنَاسِبُ | وَبَعْدَهُ مُوَافِقٌ مُصَاحِبُ |
| وَالرَّابِعُ الْمُبَايِنُ الْمُخَالِفُ | يُنْبِيكَ عَنْ تَفْصِيلِهِنَّ الْعَارِفُ |
| فَخُذْ مِنَ الْمُمَاثِلَيْنِ وَاحِدَا | وَخُذْ مِنَ الْمُنَاسِبَيْنِ الزَّائِدَا |
| وَاضْرِبْ جَمِيعَ الْوَفْقِ فِي الْمُوَافِقِ | وَاسْلُكْ بِذَاكَ أَنْهَجَ الطَّرَائِقِ |
| وَخُذْ جَمِيعَ الْعَدَدِ الْمُبَايِنِ | وَاضْرِبْهُ فِي الثَّانِي وَلَا تُدَاهِنِ |
| فَذَاكَ جُزْءُ السَّهْمِ فَاحْفَظَنْهُ | وَاحْذَرْ هُدِيتَ أَنْ تَزِيغَ عَنْهُ |
| وَاضْرِبْهُ فِي الْأَصْلِ الَّذِي تَأَصَّلَا | وَأَحْصِ مَا انْضَمَّ وَمَا تَحَصَّلَا |
| وَاقْسِمْهُ فَالْقَسْمُ إِذًا صَحِيحُ | يَعْرِفُهُ الْأَعْجَمُ وَالْفَصِيحُ |
| فَهَذِهِ مِنَ الْحِسَابِ جُمَلُ | يَأْتِي عَلَى مِثَالِهِنَّ الْعَمَلُ |
| مِنْ غَيْرِ تَطْوِيلٍ وَلَا اعْتِسَافِ | فَاقْنَعْ بِمَا بُيِّنَ فَهْوَ كَافِي |

- ഓഹരി എന്നാണ് سهام ന്റെ അർത്ഥം.
- ഓരോ വ്യക്തിക്കുമുള്ള ഓഹരി എങ്ങിനെ കണക്കാക്കും എന്നതാണ് ഇവിടെ പഠിക്കാൻ പോകുന്നത്, إن شاء الله.

- അതായത് നേരിട്ട് ഓഹരി വെക്കാൻ കഴിയുന്നില്ലെങ്കിൽ وفق നെ കൊണ്ടും ضرب (ഗുണിതം/പെരുക്കൽ) നെ കൊണ്ടും ചുരുക്കിപ്പിടിക്കലിനെ (اختصار) നെ തേടുക. ഇത് അറിയാൻ അൽപ്പം കണക്ക് അറിയേണ്ടതുണ്ട്. അത് താഴെ വിവരിക്കുന്നു:

സംഖ്യകൾ പരസ്പരം 4 രൂപത്തിൽ വരാം:

1. ഓരേ സംഖ്യകൾ - متماثل
   ഉദാഹരണം: 6,6 പോലെ.
2. ഗുണിതങ്ങൾ (വലിയ സംഖ്യ ചെറിയ സംഖ്യയുടെ ഗുണിതമായി വരൽ) - متداخل/مناسب
   ഉദാഹരണം: 4,12 പോലെ.
3. 1 അല്ലാത്ത ഏതെങ്കിലും ഒരു സംഖ്യ കൊണ്ട് ഈ രണ്ട് സംഖ്യകളെയും ശിഷ്ടം കൂടാതെ ഹരിക്കാൻ പറ്റുന്നത് - موافقة/مصاحب.
   ഉദാഹരണം: 6,8 പോലെ (ഈവിടെ രണ്ട് സംഖ്യകളെയും 2 കൊണ്ട് നിശേഷം ഹരിക്കാം).
4. പരസ്പരം എതിരായ (مخالف) ആയ സംഖ്യകൾ (മുകളിൽ പറഞ്ഞ മൂന്നെണ്ണത്തിലും പെടാത്തത്) - متباين (ഇതിൽ ഒരു സംഖ്യ ഏതായാലും ഒറ്റ സംഖ്യ ആയിരിക്കും).
   ഉദാഹരണം: 4,5 പോലെ.

- എല്ലാ متداخل ഉം موافقة ആണ്, എന്നാൽ തിരിച്ചല്ല.
- ഇനി ഈ 4 അവസരത്തിലും اختصار നടത്തുന്നത് എങ്ങിനെയെന്ന് നോക്കാം... (ല. സാ. ഗു. - LCM, Least Common Multiple - കാണുന്ന രീതി)

1. ഓരേ സംഖ്യ (متماثل) യാണെങ്കിൽ ആ സംഖ്യ തന്നെ എടുക്കുക.
2. പരസ്പര ഗുണിതങ്ങൾ (متداخل) വലുതിനെ പിടിക്കുക.
3. ഇനി متوافق ആണെങ്കിൽ ഉ. സാ. ഗ (രണ്ട് സംഖ്യകളെയും ഹരിക്കാൻ പറ്റുന്ന ഏറ്റവും വലിയ സംഖ്യ) കൊണ്ട് ഒരു സംഖ്യയെ ഹരിച്ച് മറ്റേ സംഖ്യയോട് ഗുണിക്കുക.
4. ഇതൊന്നുമല്ലെങ്കിൽ (متباين) പരസ്പരം ഗുണിക്കുക.

- ഇങ്ങനെ اختصار കണ്ട് പിടിച്ച് കഴിഞ്ഞാൽ അത് أصل مسئلة യുമായി ഗുണിക്കുക. ശേഷം ഭാഗിക്കുന്നതിലേക്ക് (قسم) കടക്കാം.
- 4 സ്ഥലത്ത് വരെ انقتار (ആൾക്കാരുടെ എണ്ണവും - عدد الرؤوس - ഓഹരിയും തമ്മിൽ ഒക്കാത്ത അവസ്ഥ) സംഭവിക്കാം.
- ല സാ ഗു. വിന് അറബിയിൽ قدر مشترك എന്ന് പറയുന്നു.

അലി رضي الله عنه വിനോട് 1 മുതൽ 10 വരെയുള്ള സംഖ്യകളുടെ قدر مشترك എത്രയാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: يوم الأسبوع (ആഴ്ച്ചയിലെ ദിവസങ്ങൾ) നെ يوم السنة (ഒരു വർഷത്തിലെ ദിവസങ്ങൾ) നെ കൊണ്ട് ضرب (ഗുണനം) ചെയ്യുക!!! അതായത് 7*360=2520. (ഒരു മാസം 30 എന്ന് കണക്കാക്കിയാൽ ഒരു വർഷം 360 ദിവസം).

## بَابُ الْمُنَاسَخَةِ

وَإِنْ يَمُتْ ءَاخَرُ قَبْلَ الْقِسْمَهْ    فَصَحِّحِ الْحِسَابَ وَاعْرِفْ سَهْمَهْ
وَاجْعَلْ لَهُ مَسْأَلَةً أُخْرَى كَمَا    قَدْ بُيِّنَ التَّفْصِيلُ فِيمَا قُدِّمَا
وَإِنْ تَكُنْ لَيْسَتْ عَلَيْهَا تَنْقَسِمْ    فَارْجِعْ إِلَى الْوَفْقِ بِهَذَا قَدْ حُكِمْ
وَانْظُرْ فَإِنْ وَافَقَتِ السِّهَامَا    فَخُذْ هُدِيتَ وَفْقَهَا تَمَامَا
وَاضْرِبْهُ أَوْ جَمِيعَهَا فِي السَّابِقَهْ    إِنْ لَمْ تَكُنْ بَيْنَهُمَا مُوَافَقَهْ
وَكُلُّ سَهْمٍ فِي جَمِيعِ الثَّانِيَهْ    يُضْرَبُ أَوْ فِي وَفْقِهَا عَلَانِيَهْ
وَأَسْهُمُ الْأُخْرَى فَفِي السِّهَامِ    تُضْرَبُ أَوْ فِي وَفْقِهَا تَمَامِ
فَهَذِهِ طَرِيقَةُ الْمُنَاسَخَهْ    فَارْقَ بِهَا رُتْبَةَ فَضْلٍ شَامِخَهْ

- ഓഹരി വെക്കുന്നതിന്ന് മുമ്പായി അവകാശികളിൽ പെട്ട ആരെങ്കിലും മരണപ്പെട്ടാൽ അവർക്ക് വേറെ ഒരു مسئلة ഉണ്ടാക്കണം. ഇത് മൂന്ന് രൂപത്തിൽ വരാം...

1. ആദ്യം ഉണ്ടാക്കിയ مسئلة യുമായി യോജിച്ച് പോവുമെങ്കിൽ (അതായത് മരണപ്പെട്ട ആൾക്ക് മറ്റ് അവകാശികൾ ആരും ഇല്ലെങ്കിൽ - ഓഹരി കൃത്യമായി കൊടുക്കാൻ പറ്റുമെങ്കിൽ) പഴയതുമായി മുന്നോട്ട് പോവുക.
2. മരണപ്പെട്ട വ്യക്തിക്ക് മറ്റ് അവകാശികൾ ഉണ്ടാവുകയും അതിനു വേണ്ടി ഉണ്ടാക്കിയ പുതിയ مسئلة യിൽ موافقة ഉണ്ടാവുകയും ചെയ്താൽ موافقة എടുത്തതിനു ശേഷം അതിനെ ആദ്യത്തെ أصل مسئلة യോട് ഗുണിക്കുക/പെരുക്കുക, എന്നിട്ട് قسم നടത്തുക.
3. മരണപ്പെട്ട വ്യക്തിക്ക് മറ്റ് അവകാശികൾ ഉണ്ടാവുകയും അതിനു വേണ്ടി ഉണ്ടാക്കിയ പുതിയ مسئلة യിൽ موافقة ഇല്ലാതിരിക്കുകയും ചെയ്താൽ അതിനെ മുഴുവനായും ആദ്യത്തെ أصل مسئلة യോട് ഗുണിക്കുക/പെരുക്കുക, എന്നിട്ട് قسم നടത്തുക.

## بَابُ الْخُنْثَى الْمُشْكِلِ

وَإِنْ يَكُنْ فِي مُسْتَحِقِّ الْمَالِ    خُنْثَى صَحِيحٌ بَيِّنُ الْإِشْكَالِ
فَاقْسِمْ عَلَى الْأَقَلِّ وَالْيَقِينِ    تَحْظَ بِحَقِّ الْقِسْمَةِ الْمُبِينِ
وَاحْكُمْ عَلَى الْمَفْقُودِ حُكْمَ الْخُنْثَى    إِنْ ذَكَرًا يَكُونُ أَوْ هُوَ أُنْثَى
وَهَكَذَا حُكْمُ ذَوَاتِ الْحَمْلِ    فَابْنِ عَلَى الْيَقِينِ وَالْأَقَلِّ

- അവകാശികളിൽ ആരെങ്കിലും صحيح ആയ خنثى (ആണിന്റെയും പെണ്ണിന്റെയും آلة ഉള്ളവർ) ഉണ്ടെങ്കിൽ ഏറ്റവും ചുരുങ്ങിയത് കൊണ്ടും ഉറപ്പായത് കൊണ്ടും (أقل يقين) വിധിക്കുക. അവരുടെ آلة വെളിവായാൽ ബാക്കി വീതിക്കുക.

ഉദാ:- മരണപ്പെട്ട വ്യക്തിക്ക് زوج, أب, ولد خنثى എന്നിവരാണ് അവകാശികളായിട്ടുള്ളതെങ്കിൽ,

ഭർത്താവ് $- \frac{1}{4}$

ഉപ്പ $- \frac{1}{6}$

خنثى $- \frac{1}{2}$

ഇങ്ങിനെ വീതിച്ചതിനു ശേഷം,

ബാക്കിയുള്ള $\frac{1}{12}$ $\quad | 1 - \left(\frac{1}{4} + \frac{1}{6} + \frac{1}{2}\right) = \frac{1}{12}$

ഉപ്പാക്കും خنثى ക്കും ഇടയിൽ നിർത്തും. خنثى ആണായി തിരിഞ്ഞാൽ ബാക്കിയുള്ളത് $\left(\frac{1}{12}\right)$ അവനും, ഇനി പെണ്ണായി തിരിഞ്ഞാൽ ഉപ്പാക്കും കൊടുക്കും.

- ഇതേ വിധി (حكم) കൊണ്ട് തന്നെ കാണാതായ വ്യക്തിക്കും (مفقود) വിധിക്കുക. കാണാതായ വ്യക്തി തിരിച്ച് വന്നാൽ ബാക്കിയുള്ളത് വീതിക്കുക.

ഉദാ:- മരണപ്പെട്ട വ്യക്തിക്ക് ഉപ്പാപ്പ, പൂർണ്ണ സഹോദരൻ, ഉപ്പയൊത്ത സഹോദരൻ (أخ لأب ,أخ لأبوين ,جد) എന്നിവരാണ് അവകാശികളായിട്ടുള്ളത്. എന്നാൽ ഉപ്പ ഒത്ത സഹോദരൻ കാണാതായ വ്യക്തി (مفقود) ആണ്. എങ്കിൽ,

ഉപ്പാപ്പയുടെ വിഷയത്തിൽ കാണാതായ വ്യക്തി ജീവിച്ചിരിപ്പുണ്ട് എന്ന് സ്ഥിരപ്പെടുത്തി ഉപ്പപ്പാക്ക് $\frac{1}{6}$ കൊടുക്കണം. എന്നാൽ ഉമ്മയും ഉപ്പയും ഒത്ത സഹോദരന്റെ കാര്യത്തിൽ കാണാതായ വ്യക്തി മരണപ്പെട്ടു എന്ന് കണക്കിലെടുത്ത് $\frac{1}{2}$ കൊടുക്കണം. അപ്പോൾ ബാക്കി വരുന്ന $\frac{1}{6}$ മാറ്റി വെക്കുക. പിന്നീട് കാണാതായ വ്യക്തി ജീവിച്ചിരിപ്പുണ്ടെന്ന് സ്ഥിരപ്പെട്ടാൽ ബാക്കി $\frac{1}{6}$ ഉമ്മയും ഉപ്പയും ഒത്ത സഹോദരനും മരിച്ചു എന്ന് സ്ഥിരപ്പെട്ടാൽ ഉപ്പാപ്പാക്കും കൊടുക്കണം.

- കാണാതായ വ്യക്തി ജീവിച്ചിരിപ്പുണ്ടോ ഇല്ലേ എന്നുള്ളത് വയസ്സും മറ്റും കണക്കു നോക്കി قاضي വിധിക്കണം.
- ഗർഭാവസ്ഥയിലുള്ള പ്രസവിക്കാത്ത കുട്ടി (حمل) ഉണ്ടെങ്കിലും ഇതേ വിധി നടപ്പിലാക്കണം. പ്രസവത്തിനു ശേഷം ബാക്കി ഓഹരി വെക്കുക.

ഉദാ:- മരണപ്പെട്ട വ്യക്തിക്ക് ഉമ്മ, ഉപ്പ, ഭാര്യ ( أم ,أب ,زوجة) എന്നിവരാണ് അവകാശികളായിട്ടുള്ളത്. ഭാര്യ ഗർഭിണിയുമാണ്. എങ്കിൽ,

വാപ്പാക്ക് - $\frac{1}{6}$ ,

ഉമ്മാക്ക് - $\frac{1}{6}$ ,

ഭാര്യക്ക് - $\frac{1}{8}$ ഇങ്ങനെ വീതിക്കുക.

ബാക്കി വരുന്ന $\frac{13}{24}$ $\quad | 1-\left(\frac{1}{6}+\frac{1}{6}+\frac{1}{8}\right)=\frac{13}{24}$

മാറ്റി വെച്ച് പ്രസവ ശേഷം വീതിക്കുക.

- ഇവിടെ കുട്ടി ആണോ, പെണ്ണോ, ഒറ്റയോ, ഇരട്ടയോ, അതിൽ കൂടുതലോ, മരണപ്പെടുകയോ ഒക്കെ ആവാം എന്നത് കൊണ്ട് ഒരു പ്രത്യേക സന്ദർഭം വിശദീകരിക്കുന്നില്ല.

## بَابُ الْغَرْقَى وَالْهَدْمَى وَالْحَرْقَى

وَإِنْ يَـمُتْ قَـوْمٌ بِـهَدْمٍ أَوْ غَـرَقْ    أَوْ حَـادِثٍ عَمَّ الْـجَمِيعَ كَالْـحَرَقْ
وَلَـمْ يَـكُنْ يُـعْلَمُ حَالُ السَّـابِقِ    فَــلَا تُـوَرِّثْ زَاهِـقًا مِـنْ زَاهِـقِ
وَعُــدَّهُمْ كَــأَنَّــهُمْ أَجَـانِبُ    فَـهَكَذَا الْقَوْلُ السَّـدِيدُ الـصَّائِبُ

ഭൂകമ്പം, തീ പിടുത്തം, വാഹനാപകടം തുടങ്ങിയ കാരണങ്ങളാൽ അവകാശികളിൽ എല്ലാവരും ഒന്നിച്ച് മരണപ്പെട്ടാൽ (ആരാണ് മരണത്തിൽ മുൻകടന്നത് എന്നറിയില്ലെങ്കിൽ) അവരെ അന്യരായി കണക്കാക്കുക.

- ആരാണ് ആദ്യം മരിച്ചതെന്ന് അറിയാമെങ്കിൽ അതിനനുസരിച്ച് ഓഹരി ഭാഗിക്കണം.

## بَابُ الرَّدِّ

وَالرَّدُّ نَـقْصٌ هُـوَ فِـي السِّـهَامِ    فَأَرْدُدْ عَلَى ذِي الْفَرْضِ دُونَ مَيْنِ
زِيَـادَةٌ فِـي الـنَّصْبِ وَالْأَقْسَـامِ    بِــقَدْرِ فَــرْضِهِ سِـوَى الـزَّوْجَيْنِ

മയ്യത്തിന് അവകാശികൾ നിർണിത ഓഹരിക്കാർ (أهل الفروض) മാത്രമാണെങ്കിൽ ചിലപ്പോൾ ഓഹരി ബാക്കി വരാം. ഉദാഹരണമായി അവകാശികളായി മകൾ $\left(\frac{1}{2}\right)$, ഭർത്താവ് $\left(\frac{1}{4}\right)$, ഉമ്മ $\left(\frac{1}{6}\right)$ എന്നിവരാണുള്ളതെങ്കിൽ ആകെ $\frac{11}{12}$ കഴിച്ച് $\frac{1}{12}$ ബാക്കി വരുന്നു. മറ്റ് അവകാശികൾ ഇല്ലാത്തതിനാൽ ബാക്കിയുള്ള $\frac{1}{12}$ അവർക്ക് തന്നെ അവരുടെ ഓഹരിക്കനുസരിച്ച് വീതിക്കണം.

എന്നാൽ ഇവിടെ ഭാര്യാ – ഭർത്താക്കന്മാർക്ക് (زوجين) കൊടുക്കേണ്ടതില്ല (അവർക്ക് ആദ്യമേ ഉള്ള ഓഹരി മാത്രം കൊടുത്താൽ മതി). നേരത്തെ عول ൽ ചെയ്തതിന്റെ നേരെ എതിരാണ് ഇവിടെ ചെയ്യുന്നത്.

# خَاتِمَةٌ

وَقَدْ أَتَى الْقَوْلُ عَلَى مَا شِئْنَا مِنْ قِسْمَةِ الْمِيرَاثِ إِذْ بَيَّنَا
عَلَى طَرِيقِ الرَّمْزِ وَالْإِشَارَهْ مُلَخَّصًا بِأَوْجَزِ الْعِبَارَهْ
فَالْحَمْدُ لِلَّهِ عَلَى التَّمَامِ حَمْدًا كَثِيرًا تَمَّ فِي الدَّوَامِ
أَسْأَلُهُ الْعَفْوَ عَنِ التَّقْصِيرِ وَخَيْرِ مَا نَأْمُلُ فِي الْمَصِيرِ
وَغَفْرَ مَا كَانَ مِنَ الذُّنُوبِ وَسَتْرَ مَا شَانَ مِنَ الْعُيُوبِ
وَأَفْضَلُ الصَّلَاةِ وَالتَّسْلِيمِ عَلَى النَّبِيِّ الْمُصْطَفَى الْكَرِيمِ
مُحَمَّدٍ خَيْرِ الْأَنَامِ العَاقِبِ وَءَالِهِ الْغُرِّ ذَوِي الْمَنَاقِبِ
وَصَحْبِهِ الْأَمَاجِدِ الْأَبْرَارِ الصَّفْوَةِ الْأَكَابِرِ الْأَخْيَارِ

ഇതോടെ അനന്തരാവകാശ നിയമങ്ങൾ വിശദീകരിച്ച് കഴിഞ്ഞു, الحمد لله. തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നു.

ഇത് പഠിക്കാനും മറ്റുള്ളവർക്ക് പഠിപ്പിച്ച് കൊടുക്കാനും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. മാതാ പിതാക്കൾക്കും, ഈ علم പഠിപ്പിച്ചു തരുകയും ഇത് വായിച്ച് പരിശോധിക്കുകയും ചെയ്തു തന്ന എന്റെ പ്രിയപ്പെട്ട ഉസ്താദ് അഹ്മദ് ഫൈസി ഇരുമ്പുചോല അവർകൾക്കും, എല്ലാ വിധ സഹായങ്ങളും ചെയ്തു തന്ന ഡോക്ടർ അബ്ദുസ്സമദ് അവർകൾക്കും അല്ലാഹു ആയുസ്സും ആരോഗ്യവും നൽകുമാറാകട്ടെ. ഗ്രന്ഥ കർത്താക്കൾക്ക് അല്ലാഹു പൊറുത്ത് കൊടുക്കുകയും റഹ്മത്ത് ചൊരിയുകയും ചെയ്യുമാറാകട്ടെ, നാമേവരേയും അല്ലാഹു അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടുമാറാകട്ടെ, ആമീൻ. –വിവ

وصلى الله على محمد وءاله وأصحابه وسلم.

# الْفِهْرَسُ

**ഖുർആൻ ആയത്തുകൾ**............ iii

مُقَدِّمَةٌ فِي ذِكْرِ مَا وَرَدَ فِي فَضْلِ هَذَا الْفَنِّ ............ 2

بَابُ أَسْبَابِ الْمِيرَاثِ............ 3

بَابُ مَوَانِعِ الْإِرْثِ ............ 3

بَابُ الْوَارِثِينَ مِنَ الرِّجَالِ............ 4

بَابُ الْوَارِثَاتِ مِنَ النِّسَاءِ............ 6

بَابُ الْفُرُوضِ الْمُقَدَّرَةِ فِي كِتَابِ اللَّهِ تَعَالَى ............ 7

بَابُ النِّصْفِ ............ 10

بَابُ الرُّبُعِ ............ 11

بابُ الثُّمُنِ ............ 11

بَابُ الثُّلُثَيْنِ ............ 12

بَابُ الثُّلُثِ............ 13

بَابُ السُّدُسِ............ 16

بَابُ التَّعْصِيبِ ............ 20

بَابُ الحَجْبِ ............ 24

بَابُ الْمُشْتَرَكَةِ............ 35

بَابُ الجَدِّ والْإِخْوَةِ............ 36

بَابُ الْأَكْدَرِيَّةِ ............ 41

بَابُ الْحِسَابِ............ 42

بَابُ السِّهَامِ............ 45

بَابُ الْمُنَاسَخَةِ ............ 48

بَابُ الْخُنْثَى الْمُشْكِلِ............ 49

وَالْهَدْمَى وَالْحَرْقَى بَابُ الْغَرْقَى ............ 51

بَابُ الرَّدِّ ............ 51

خَاتِمَةٌ ............ 52